

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ഒക്ടോബർ 2003



ലോക വാർദ്ധക്യ ദിനം ഒക്ടോ. 1



80th Birthday Wishes to
H. G. Dr. Stephanos Mar Theodosius
*Inserted by*
M.G.M. Higher Secondary School, Bhopal

80th Birthday
2nd October 2003



H. G. DR. STEPHANOS MAR THEODOSIUS
DIRECTOR, ABHAYA NIKETHAN

അഭയ നികേതൻ
ഒരു ഗ്രാമീണ മിഷൻ പ്രവർത്തന കേന്ദ്രം
ഭിലായ് മിഷന്റെ സഹോദരി സ്ഥാപനം



പുതുക്കിപ്പണിത മിഷൻ കേന്ദ്രം



ആദിവാസി മേഖലകളിൽ ഉള്ള പ്രവർത്തനം

ലക്ഷ്യം: ഗ്രാമീണരുടെ ഉയർച്ച - ഇൻഡ്യയുടെ ഉയർച്ച
ഗ്രാമീണരുടെ ഉന്നതി - ഇന്ത്യയുടെ ഉന്നതി

മക്കോഡിയായിൽ നിന്നും 85 കി. മീ. ചുറ്റളവിലുള്ള 102 ഗ്രാമങ്ങളിൽ പ്രവർത്തിച്ചു വരുന്നു.

കൂടുതൽ വിവരങ്ങൾക്കും നിങ്ങളുടെ സംഭാവനകൾ നൽകുന്നതിനും

Vice President, Abhaya Nikethan
60 Old Ashoka Garden,
St. Thomas Orthodox Cathedral Govindpura P.O.
Bhopal M. P., Pin-462023



# മലങ്കരസഭ

ലക്കം 10, പുസ്തകം 59
ഒക്ടോബർ 2003





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0468 - 2222243, (Res)2325942

**വൈസ് പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ മിലിത്തോസ്
ഫോൺ: 0487 - 2371039, 2371748 (Fax)

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 04682 - 279348 (Res.)
Mob:-9447300908

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910 (Res.)



## വരിസംഖ്യ

**2002 സെപ്റ്റംബർ മുതൽ**
**ഇന്ത്യയിൽ**

| | | |
|---|---|---|
| ഒറ്റ പ്രതി | : | 7 രൂപ |
| ഒരു വർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design & Type Setting:-*
M.S. Graphics, Devalokam.


# CONTENTS
# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 യുവത്വം: ചില സങ്കടക്കുറിപ്പുകൾ
- ഫാ. ഡോ. ജോൺ പണിക്കർ

5 **മഹാപുരോഹിത സന്ദേശം**

**കവിത**

8 ഒടുവിലൊരു തടവറ
- ഫാ. പി.പി. ഗീവർഗീസ്, പാമ്പാടി

26 സങ്കീർത്തനം - 23
- കെ.സി. അലക്സാണ്ടർ, പുനലൂർ

**അനുസ്മരണ**

21 സത്യവിശ്വാസ സംരക്ഷണത്തിനായി കൂടിയ മലങ്കര സഭയിലെ ഏക സുന്നഹദോസ് - മാവേലിക്കര പടിയോല
- ഫാ. ഡോ. ഒ. തോമസ്

**പുസ്തകാസ്വാദനം**

17 ഒരു പരദേശ യാത്രയുടെ കഥ
- അഡ്വ. പി. സി. മാത്യു, പുലിക്കോട്ടിൽ

**ലേഖനങ്ങൾ**

6 മലങ്കര സഭയും മേല്പട്ട ഭരണവും
- അഡ്വ. സജി കൊടുവത്ത്

9 രോഗസൗഖ്യം തിരുവചന വെളിച്ചത്തിൽ
- ഫാ. സി. വി. അബ്രഹാം, പഴഞ്ഞി

13 വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും
- ഫാ. സജി യോഹന്നാൻ, ചണ്ഡിഗഢ്

27 Feasts of the first Christian Saint Mary.......
- Fr. M. S. Skariah

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, വിശ്വാസ പാഠം,
ബൈബിൾ പദപ്രശ്നം, ബൈബിൾ കടങ്കഥകൾ,
വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ.



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 2573234
e-mail: malankara@sancharnet.in

എഡിറ്റോറിയൽ

# യുവത്വം : ചില സങ്കടക്കുറിപ്പുകൾ

യുവത്വമെന്നത് മനുഷ്യൻ തന്റെ ആന്തരികവും ബാഹ്യവുമായ സൗന്ദര്യത്തെ ആസ്വദിക്കുന്ന സമയമാണ്. യുവത്വത്തിന്റെ വീക്ഷണവും പ്രവർത്തനങ്ങളുമൊക്കെ സമൂഹത്തിന്റെ ചലനാത്മകതയെ സഹായിക്കുന്ന ഘടകങ്ങളാണ്. സമൂഹത്തിന്റെ താളം തെറ്റാത്ത ചലനവും യുവത്വത്തിന്റെ വിശുദ്ധ സൗന്ദര്യവും ഒരുമിച്ചു ദർശിക്കുവാൻ വെമ്പൽ കൊള്ളുന്ന ഒരു തീർത്ഥാടകൻ തന്റെ സങ്കടങ്ങൾ ഇവിടെ കുറിക്കുന്നു.

ലോകാരോഗ്യ സംഘടനയുടെ ആൽക്കഹോളിസത്തെക്കുറിച്ചുള്ള ഗ്ലോബൽ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം കഴിഞ്ഞ പതിനാറു വർഷം കൊണ്ടു കേരളത്തിലെ യുവജനങ്ങളിൽ മദ്യപാനം ആറിരട്ടി വർദ്ധിച്ചു. മാനസീക സംഘർഷവും ബാഹ്യ സമ്മർദ്ദങ്ങളും മൂലം മയക്കു മരുന്നിനടിമകളാകുന്ന യുവാക്കൾ ധാരാളമുണ്ട്. തൊഴിലില്ലായ്മയുടെയും ഫാഷന്റെയും പേരിൽ വ്യാജമദ്യം-സ്പിരിറ്റു കടത്തും, പിടിച്ചു പറിയും, ഭീകര പ്രവർത്തനങ്ങളുമെല്ലാം യുവജനങ്ങളുടെ ജീവിതത്തിന്റെ ഭാഗങ്ങളായാണ്. കഴിഞ്ഞ ഓണവാരത്തിൽ സർക്കാർ വക മദ്യശാലകളുടെ മുന്നിൽ കണ്ട യുവാക്കളുടെ നീണ്ട നിര തീർത്ഥാടകനിൽ അത്ഭുതമുളവാക്കുന്നു.

കേരളീയ ജീവിത ശൈലിയിൽ വന്നിരിക്കുന്ന മാറ്റം യുവതലമുറയുടെ ആരോഗ്യത്തിനു ശരിയായ തോതിൽ ഹാനി വരുത്തിയിട്ടുണ്ട്. ഫാസ്റ്റ് ഫുഡും, റിമോട്ടുമായി ടെലിവിഷന്റെയും കമ്പ്യൂട്ടറിന്റെയും മുന്നിൽ മണിക്കൂറുകളോളം ഇരിക്കുന്ന യുവജനങ്ങളിൽ പലർക്കും പൊണ്ണത്തടി, അമിതഭാരം, പ്രമേഹം, ദന്തരോഗം, കാഴ്ചക്കുറവ്, വിഷാദം, സ്വാർത്ഥത, ആകാംക്ഷ തുടങ്ങി നിരവധി ശാരീരികവും മാനസീകവുമായ രോഗങ്ങൾ സാധാരണയാണ്. വഴിവിട്ട ലൈംഗിക മനോഭാവവും ഇന്റർ നെറ്റിന്റെ ദുരുപയോഗവും ലൈംഗിക രോഗങ്ങൾക്കും നിരാശയ്ക്കും ആത്മഹത്യയ്ക്കും കാരണമാകുന്നു. അവിഹിത ഗർഭഛിദ്രം കേരളത്തിൽ നിത്യ സംഭവമാണ്.

സ്ഥിതിഗതികൾ അതീവ ഗുരുതരമായിരിക്കുന്നതിനാൽ നേതൃനിരയിലുള്ളവർ ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിത്. യുവത്വത്തിന്റെ ശ്രേഷ്ഠമായ സൈന്ദര്യത്തെ ഫലപ്രദമായി ഉപയോഗിക്കുന്നതിനുവേണ്ടി നാം ശ്രദ്ധിക്കേണ്ട നിരവധി കാര്യങ്ങളുണ്ട്.

മാതാപിതാക്കളുടെ പങ്കു വളരെ വിലപ്പെട്ടതാണ്. ആരോഗ്യകരമായ അന്തരീക്ഷം കുടുംബത്തിൽ സൃഷ്ടിക്കുകയും അതിൽ മക്കളുടെ സ്ഥാനമെന്തെന്നുള്ളത് അവർക്കു ബോദ്ധ്യമാക്കികൊടുക്കുകയും ചെയ്യണം. "സദാചാരങ്ങളുടെ വളർത്തു കേന്ദ്രമാണ് ഗൃഹം. ഭാരതീയ സമൂഹ ശാസ്ത്രം ഗൃഹത്തെ ആശ്രമമെന്നാണ് വിശേഷിപ്പിക്കുന്നത്. ഗൃഹസ്ഥർ വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സന്മാർഗ്ഗപരവും ആത്മീയവുമായ ശ്രമങ്ങളുടെ ഒരു രംഗമാണത്" (രംഗാനന്ദ സ്വാമികൾ). കൃമീകൃതമായ ഭക്ഷണ രീതി, സേവന മനോഭാവം, സഹവർത്തിത്തം, സഹോദര പ്രീതി, നോമ്പ്, ഉപവാസം എന്നിവയുടെ ആചരണം കുടുംബങ്ങളിലുണ്ടായാൽ ശാരീരികവും മാനസികവുമായ പല രോഗങ്ങളിൽ നിന്നും യുവാക്കളെ വിമുക്തരാക്കാം.

"വിദ്യാഭ്യാസം മനുഷ്യരിൽ അന്തർലീനമായ പൂർണ്ണതയുടെ പ്രകാശനമാണ്" (വിവേകാനന്ദൻ). നന്മ തിന്മകളെ വിവേചിച്ചറിയുവാനുള്ള കഴിവു യുവാക്കൾ നേടിയെടുക്കേണ്ടതു വിദ്യാഭ്യാസത്തിലൂടെയാണ്. വിദ്യാഭ്യാസ കച്ചവട സമ്പ്രദായവും അക്രമരാഷ്ട്രീയവും മതഭ്രാന്തും സമൂഹത്തിന്റെ ഭാവിക്കു വരുത്തുന്ന ദോഷത്തെക്കുറിച്ചു യുവാക്കളെ മാതൃകയുള്ള ഗുരുക്കന്മാർ ബോധവാന്മാരാക്കണം. ശരിയായ ലൈംഗിക വിദ്യാഭ്യാസവും കൗൺസലിങ്ങും വിദ്യാർത്ഥികൾക്കു നൽകുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കണം.

മലങ്കര സഭയുടെ യുവജനങ്ങളിൽ നല്ല പങ്കും ശരിയായ മാർഗ്ഗ ദർശനം ഇല്ലാതെ കേരളത്തിനകത്തും പുറത്തും വസിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം സഭാ നേതൃത്വം തികഞ്ഞ ഗൗരവത്തോടെ ഉൾക്കൊള്ളണം. സഭയുടെ യുവജന പ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം തുടങ്ങിയ ആത്മീയ സംഘടനകൾ ആദർശ നിഷ്ഠയും ശരീരാത്മ ദേഹികളുടെ സൗഖ്യമുള്ള ധാരാളം നേതാക്കളെ സമൂഹത്തിന് സംഭാവനയായി നൽകിയിട്ടുണ്ട്. എന്നാൽ, ഈ പ്രസ്ഥാനങ്ങൾ കാലത്തിന്റെ മാറ്റത്തിനനുസരിച്ച് യുവജനങ്ങളെ ശരിയായ ദിശയിലേക്കു തിരിച്ചുവിടാനുള്ള കർമ്മ പദ്ധതികൾ പ്രായോഗിക തലത്തിൽ ഇനിയും ആവിഷ്ക്കരിച്ചിട്ടില്ല എന്നു മനസ്സിലാക്കുന്നത് തീർത്ഥാടകന്റെ ദുഃഖത്തിനു കാരണമാണ്.

**- പണിക്കരച്ചൻ.**



# മഹാപുരോഹിത സന്ദേശം



വാത്സല്യമുള്ളവരേ,

തികഞ്ഞ സ്നേഹത്തോടും പിതാവിനടുത്ത ഉത്തരവാദിത്വത്തോടും കൂടി ഏവരുടെയും ക്ഷേമം ആരാഞ്ഞുകൊണ്ട് ചില പ്രധാന ചിന്തകൾ പങ്കുവയ്ക്കട്ടെ.

ഒക്ടോബർ 2-ന് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ ജന്മദിനമായിരുന്നുവല്ലോ! അഹിംസയിലും സത്യത്തിലും അടിയുറച്ചു നിന്നുകൊണ്ട് രാഷ്ട്രത്തിന് സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാവിനെ സ്മരിക്കുന്നതു ഭാരതമക്കൾക്ക് അഭിമാനമാകണം. സ്നേഹത്തിനും സേവനത്തിനും ഊന്നൽ നൽകിയ മഹാത്മജിയുടെ ദർശനങ്ങൾ ഇന്നത്തെ തലമുറ സ്വായത്തമാക്കേണ്ട സമയമാണിപ്പോൾ. ആശാവഹമായ ലക്ഷ്യത്തോടെ സമാരംഭിച്ച പല സാമൂഹ്യ സേവന പദ്ധതികളും ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തിയില്ല എന്നതു സങ്കടകരമായ വസ്തുതയാണ്. വ്യക്തിയെ മാനിക്കാത്തതും പണത്തിന്റെയും പ്രതാപത്തിന്റെയും പേരിൽ മാത്രം വ്യക്തിത്വത്തെ വിലയിരുത്തുന്നതുമായ സാമൂഹ്യ സേവന വ്യവസ്ഥിതിയാണിപ്പോഴുള്ളത്. മഹാത്മാഗാന്ധി വിഭാവനം ചെയ്ത സേവനമെന്നുള്ളതു മനുഷ്യനെ അവൻ ആയിരിക്കുന്ന അവസ്ഥയിൽ സ്നേഹിക്കുവാനും സമൂഹത്തിന്റെ സമൂലമായ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുവാനുമാണ്. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ജനലക്ഷങ്ങളെ ആശ്വസിപ്പിച്ചു കൊണ്ട് അവർക്കു ഭക്ഷണം നൽകിയ യേശു ക്രിസ്തുവിന്റെ അതേ ദൗത്യമാണ് നമുക്കിന്നുള്ളത്. ദൈവ സ്നേഹത്തിൽ നിറഞ്ഞു കവിയുന്ന ആത്മപ്രചോദനമായിരിക്കണം സമൂഹ്യ സേവനത്തിന്റെ അടിസ്ഥാനം.

മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ചേപ്പാടു മാർ ദീവന്നാസ്യോസ് പിതാവിന്റെ ഓർമ്മദിവസം ഒക്ടോബർ 12-നാണ്. മലങ്കര സഭയിൽ നവീകരണത്തിന്റെ കൊടുങ്കാറ്റു ആഞ്ഞു വീശിയപ്പോൾ അതിനെതിരെ നിന്നുകൊണ്ടു സഭാ മക്കളെ മിഷനറിമാരുടെ നവീകരണ പ്രവർത്തനങ്ങളിൽ നിന്നു മോചിപ്പിക്കാൻ ശ്രമിച്ച പ. പിതാവിനെ സത്യവിശ്വാസ സംരക്ഷകൻ എന്ന നിലയിൽ നാം പ്രത്യേകമായി ഓർക്കണം. മലങ്കര സഭയുടെ തനിമ നിലനിർത്തുന്നതിനും സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുന്നതിനും വേണ്ടി നാം ഇന്നും പോരാടുകയാണ്. സഭയുടെ അപ്പോസ്തോലികതയും ഭാരതീയവും പൗരസ്ത്യവുമായ സ്വഭാവവും ദൗത്യവും തെളിഞ്ഞ മനസ്സോടെ അംഗീകരിക്കുന്ന ഭാരതീയ ക്രൈസ്തവർ ഒന്നാകണം. സത്യവിശ്വാസ സംരക്ഷകരായ പിതാക്കന്മാരുടെ മാതൃക പിൻപറ്റുകയും പ്രശ്ന കലുഷിതമായ സഭാന്തരീക്ഷത്തിന്റെ നടുവിൽ പ്രതീക്ഷ കൈവിടാതെ ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിക്കുകയും ചെയ്യുന്ന ദൈവ മക്കളായി നാം മാറണം. മലങ്കര സഭാ മക്കൾ ഒന്നായി നിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കി യാത്ര ചെയ്യുന്ന തീർത്ഥാടന സമൂഹമായി മാറണമെന്നതാണ് നമ്മുടെ ഉൽഘടമായ ആഗ്രഹം. ഏവരെയും സർവ്വശക്തനായ ദൈവം തമ്പുരാൻ അനുഗ്രഹിക്കട്ടെ.

## മലങ്കരസഭ വരിസംഖ്യ

ഇന്ത്യയിൽ

ഒറ്റപ്രതി : 7 രൂപ
ഒരു വർഷം : 75 രൂപ
4 വർഷം : 300 രൂപ
10 വർഷം : 750 രൂപ.

*വിദേശത്തേക്ക്*

ഒരു വർഷം : 600 രൂപ.

## പരസ്യനിരക്കുകൾ

| | | |
|---|---|---|
| Back Page (Colour) | : | 10000 |
| Back page (B/W) | : | 5000 |
| Front Inside | : | 3750 |
| Back Inside | : | 3500 |
| Full page | : | 3000 |
| Half page | : | 1750 |
| Quarter page | : | 1250 |
| Minimum | : | 750 |
| Favours Block (Stamp Size) | : | 300 |

അഡ്വ. സജി കൊടുവത്ത്

# മലങ്കര സഭയും മേല്പട്ട ഭരണവും

ഭരണക്രമത്തെ അടിസ്ഥാനമാക്കി ക്രൈസ്തവസഭകളെ മൂന്നായി തിരിക്കാം.

1. എപ്പിസ്ക്കോപ്പൽ (മേല്പട്ടഭരണ) സഭകൾ
2. കോൺഗ്രിഗേഷണൽ (സ്വതന്ത്ര) സഭകൾ
3. പ്രസ്ബിറ്റേറിയൻ (ഉന്നത സംഘ യോഗ) സഭകൾ

### എപ്പിസ്ക്കോപ്പൽ സഭകൾ

മേല്പട്ടക്കാരുടെ (ബിഷപ്പുമാരുടെ/മെത്രാന്മാരുടെ) സഭാഭരണമാണ് എപ്പിസ്ക്കോപ്പസി. എപ്പിസ്ക്കോപ്പൽ സഭകളിൽ പട്ടക്കാർ മേല്പട്ടക്കാരന്റെ കീഴിൽ 'വികാരി'മാരായി പ്രവർത്തിക്കുന്നു. മേല്പട്ടക്കാരനാണ് പ്രധാന വൈദിക സ്ഥാനി. ഇദ്ദേഹത്തെ സഭാംഗങ്ങളുടെ ഇടയനായി കണക്കാക്കുന്നു. അപ്പോസ്തോലന്മാരുടെ പിൻഗാമിയായാണ് മേല്പട്ടക്കാരനെ പരിഗണിക്കുന്നത്. അപ്പോസ്തോലിക പിന്തുടർച്ചയ്ക്ക് ഇക്കാരണത്താൽ ഏറെ പ്രാധാന്യമുണ്ട്. മേല്പട്ടകാരന്റെ അധികാരങ്ങൾ ദൈവികമായി ലഭിക്കുന്നു എന്നാണ് സങ്കല്പം. പ്രാദേശിക സഭ(പള്ളി)കളിൽ നിന്നുതന്നെ ഉയർത്തപ്പെടുന്നയാളാകണമെന്നില്ല മേല്പട്ടക്കാരൻ. കർത്താവ് തന്നെയാണ് അപ്പോസ്തോലന്മാരെ തെരഞ്ഞെടുത്തത്. ഈ അധികാരം അപ്പോസ്തോലന്മാർവഴി മേല്പട്ടക്കാർക്ക് കൈമാറി ലഭിക്കുന്നു. പല തട്ടിലുള്ള വൈദിക സ്ഥാനികൾ (മേല്പട്ടക്കാർ-പട്ടക്കാർ-ശെമ്മാശന്മാർ) എപ്പിസ്ക്കോപ്പസിയുടെ സവിശേഷതയാണ്. പട്ടക്കാരെ മേല്പട്ടക്കാരൻ വാഴിക്കുന്നു. ദൈവേഷ്ട പ്രകാരമാണ് വൈദികൻ തെരഞ്ഞെടുക്കപ്പെടുന്നത്. മരണംവരേയും പൗരോഹിത്യ പദവിക്കർഹരാണിവർ. മേല്പട്ടക്കാർക്കും പട്ടക്കാർക്കും മാത്രമാണ് കൂദാശകൾ അനുഷ്ഠിക്കാൻ അനുവാദമുള്ളത്.

### കോൺഗ്രിഗേഷണൽ സഭകൾ

പ്രാദേശിക കൂട്ടായ്മയുടെ (സഭയുടെ) സ്വയം ഭരണമാണ് കോൺഗ്രിഗേഷണൽ തത്വത്തിന്റെ സവിശേഷത. ഓരോ കോൺഗ്രിഗേഷണൽ സഭയും സ്വതന്ത്രമാണ്, അതിൽത്തന്നെ സമ്പൂർണ്ണവുമാണ്. എന്നാൽ സമാന സ്വഭാവമുള്ള സഭകൾ (പള്ളികൾ) പൊതു സംഘമായി പ്രവർത്തിക്കാറുണ്ട്. സഭകൾക്ക് പൊതുവിൽ താല്പര്യമുള്ള വിഷയങ്ങളെ അധികരിച്ചാണ് ഈ യൂണിയനുകൾ രൂപീകരിക്കുന്നത്. സഭകളുടെ പരക്കെയുള്ള അംഗീകാരത്തിനും സമാന ഭരണരീതി ഉറപ്പാക്കുന്നതിനുമാണ് ഇത്. ഓരോ വ്യക്തിസഭയും വിട്ടുകൊടുക്കുന്ന സംഗതികളിന്മേൽ മാത്രമാണ് യൂണിയന് അധികാരം ലഭിക്കുന്നത്. ഈ സംഗതികൾ സംബന്ധിച്ച് ഓരോ അംഗസഭയും പ്രത്യേകം തീരുമാനമെടുക്കേണ്ടതുണ്ട്.

പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരായ കോൺഗ്രിഗേഷണൽ സഭകൾ പൗരോഹിത്യ ശുശ്രൂഷകൾ ചെയ്യുവാൻ ഏതൊരു സഭാംഗത്തെയും അനുവദിക്കുന്നു. എല്ലാ സഭാംഗങ്ങൾക്കും വൈദിക പദവിയും അധികാരവുമുണ്ടെന്നാണ് ഈ സഭകൾ പഠിപ്പിക്കുന്നത്.

> "കൂദാശ ചെയ്യപ്പെട്ട പള്ളിയും കൂദാശ ചെയ്യപ്പെടാത്ത പള്ളിയും സഭയിലെ സ്ഥാപനമാണ്. അവ സഭാ നിയമങ്ങൾക്ക് അനുസൃതമായി ഭരിക്കപ്പെടേണ്ടതാണ്..... സഭയുടെ വിശ്വാസം പാലിക്കാനും ആത്മാക്കളുടെ രക്ഷയ്ക്കാവശ്യമായ കൂദാശകൾ നർവ്വഹിക്കാനുമാണ് പള്ളികൾ. ആ നിലയ്ക്ക് സഭയിൽ പെടാതെ പള്ളികൾ ഉണ്ടാവുക അസാദ്ധ്യമാണ്..... ഓരോരുത്തരും സഭയിലാണ് അംഗമായിത്തീരുന്നത്. മാതാപിതാക്കളുടെ ഇടവകയിൽ ശിശുക്കൾക്ക് അംഗത്വം കിട്ടുന്നു".

സഭയുടെ തെരഞ്ഞെടുപ്പിലൂടെ പുരോഹിതന്മാർക്ക് വൈദികാധികാരം ലഭിക്കുന്നു എന്നാണ് നവീകരണ വിഭാഗക്കാരായ കോൺഗ്രിഗേഷണൻ സഭകളുടെ നിലപാട്. നിശ്ചിത കാലത്തേക്കാണ് ഇവർ വൈദിക സ്ഥാനം പുരോഹിതന്മാർക്ക് നൽകുന്നത്. അവൈദികർ കൂടി ഉൾപ്പെടുന്ന സഭാ കൗൺസിൽ ഇവരെ നിയന്ത്രിക്കുന്നു.

### പ്രസ്ബിറ്റേറിയൻ സഭകൾ

കടുത്ത കേന്ദ്രീകൃത ഭരണ സംവിധാനമാണ് പ്രസ്ബിറ്റേറിയൻ സഭകളുടെ മൗലികത. അക്കാരണത്താൽ, പ്രാദേശിക സഭകൾ ഒട്ടുംതന്നെ സ്വതന്ത്രമല്ല. സംഘമൂപ്പന്മാരുടെ പൊതുയോഗമാണ് (ജനറൽ അസംബ്ലി) പ്രസ്ബിറ്റേറിയൻ സഭകളുടെ ഭരണം നിർവ്വഹിക്കുന്നത്. പൗരോഹിത്യ കാര്യങ്ങളിൽ കോൺഗ്രിഗേഷണൽ തത്വങ്ങളോടാണ് ഇവർക്ക് യോജിപ്പ്.

### മലങ്കരസഭയും അവൈദിക സ്ഥാനികളും

മലങ്കര ഓർത്തഡോക്സ് സഭയുടെ നിലവിലുള്ള ഭരണ സംവിധാനം എപ്പിസ്ക്കോപ്പൻ സ്വഭാവമുള്ളതാണ്. ഇതിലാർക്കും സംശയത്തിനിടയില്ല. എന്നാൽ മേല്പട്ടക്കാരുടെ തെരഞ്ഞെടുപ്പ് വൈദിക-അവൈദിക പ്രതിനിധിയോഗമാണ് നടത്തുന്നത്. പള്ളി-ഭദ്രാസന-മലങ്കര തലങ്ങളിൽ അവൈദികർക്ക് നിർണ്ണായക സ്ഥാനങ്ങളും അധികാരങ്ങളും



സഭ നൽകുന്നു. ഇതെല്ലാം മേല്പട്ടക്കാരുടെ എപ്പിസ്ക്കോപ്പൽ അവകാശങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെയാണ്. വൈദികരെ കൂടാതെയുള്ള സഭാഭരണം ഒരു തലത്തിലും മലങ്കരസഭ അനുവദിക്കുന്നില്ല.അവൈദികരെ ഒഴിച്ചുനിർത്തിയുള്ള ആരാധനയോ ഭരണക്രമമോ ഓർത്തഡോക്സ് സഭകളുടെ പാരമ്പര്യവുമല്ല.

### മലങ്കര സഭയും ഇടവകപ്പള്ളികളും

മലങ്കരസഭയും ഇടവകപ്പള്ളികളുമായുള്ള ബന്ധത്തെപ്പറ്റി കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പാ (രണ്ടാം സമുദായക്കേസിൽ പാത്രിയർക്കീസ് ഭാഗം രണ്ടാം സാക്ഷി ഇദ്ദേഹമായിരുന്നു) താഴെ പറഞ്ഞിട്ടുള്ള പ്രകാരമാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്:

"കൂദാശ ചെയ്യപ്പെട്ട പള്ളിയും കൂദാശ ചെയ്യപ്പെടാത്ത പള്ളിയും സഭയിലെ സ്ഥാപനമാണ്. അവ സഭാ നിയമങ്ങൾക്ക് അനുസൃതമായി ഭരിക്കപ്പെടേണ്ടതാണ്..... സഭയുടെ വിശ്വാസം പാലിക്കാനും ആത്മാക്കളുടെ രക്ഷയ്ക്കാവശ്യമായ കൂദാശകൾ നർവ്വഹിക്കാനുമാണ് പള്ളികൾ. ആ നിലയ്ക്ക് സഭയിൽ പെടാതെ പള്ളികൾ ഉണ്ടാവുക അസാദ്ധ്യമാണ്..... ഓരോരുത്തരും സഭയിലാണ് അംഗമായിത്തീരുന്നത്. മാതാപിതാക്കളുടെ ഇടവകയിൽ ശിശുക്കൾക്ക് അംഗത്വം കിട്ടുന്നു".

### എപ്പിസ്ക്കോപ്പസിയിലേക്കുള്ള പരിണാമം

കേരളത്തിലെ ക്രൈസ്തവ സഭ 16-ാം നൂറ്റാണ്ടുവരെ കോൺഗ്രിഗേഷണൽ തത്ത്വങ്ങൾ പ്രകാരമാണ് നിലനിന്നത്. സുറിയാനി ക്രിസ്ത്യാനികളെന്നും മാർത്തോമ്മാ ക്രിസ്ത്യാനികളെന്നും ഇവർ അറിയപ്പെട്ടു. 16-ാം നൂറ്റാണ്ടിനു ശേഷം ഈ സഭയിൽ നിന്നു പലരും പിരിഞ്ഞുമാറി.

എപ്പിസ്ക്കോപ്പസിയിലേക്കുള്ള മലങ്കരയുടെ യാത്ര സഭയുടെ വളർച്ചയായി വിലയിരുത്താം. എന്നാൽ മറിച്ചു ചിന്തിക്കുന്നവരുമുണ്ട്. ഏതായാലും ഒന്നു തീർച്ച-മലങ്കരയുടെ ഭാഗധേയം തുടക്കം മുതലേ നിയന്ത്രിച്ചത് വിദേശ ബന്ധങ്ങളാണ്.

### പേർഷ്യൻ (സുറിയാനി) ബന്ധം

കേരളവും പേർഷ്യയും തമ്മിലുള്ള വാണിജ്യ ബന്ധം പുരാതന കാലം മുതലേ ഉണ്ടായിരുന്നു. നാലാം നൂറ്റാണ്ടു മുതൽ പട്ടംകൊട, പള്ളി കൂദാശ തുടങ്ങിയ കർമ്മങ്ങൾ മലങ്കരയിൽ ചെയ്തുവന്നത് പേർഷ്യൻ മേല്പട്ടക്കാരാണ്. പേർഷ്യൻ സഭയുടെ ആരാധനാ ഭാഷ സുറിയാനിയായിരുന്നു. ഇതുമൂലം ഇവിടുള്ള നസ്രാണികളുടെ ആരാധനയിൽ പൗരസ്ത്യ സുറിയാനി ഭാഷയ്ക്ക് വലിയ സ്വാധീനവുമുണ്ടായി.

ആദിമ നൂറ്റാണ്ടുകൾ മുതൽ 16-ാം നൂറ്റാണ്ടുവരെ കേരളത്തിലെ പള്ളികളുടെ ഭരണം അതാതിടത്തെ പള്ളിയോഗങ്ങളാണ് നടത്തിവന്നത്. അക്കാരണത്താൽ ഓരോ പള്ളിയും സ്വതന്ത്ര സമൂഹമായി നിലനിന്നു. പ്രാദേശിക യോഗങ്ങൾക്ക് വൈദികർ നേതൃത്വം നൽകി. വൈദികരെ തെരഞ്ഞെടുത്തിരുന്നത് പള്ളി യോഗങ്ങളാണ്. ഹൈന്ദവ ക്ഷേത്ര ഭരണരീതി അനുസരിച്ചുള്ള ഊരാണ്മ (നാട്ടുഭരണം)യായിരുന്നു ചിലയിടങ്ങളിൽ. ഊരാണ്മാവകാശം ചില കുടുംബങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിരുന്ന സ്ഥലങ്ങളുമുണ്ടായിരുന്നു. ഓരോ കുടുംബത്തിലെയും മൂപ്പന്മാരുടെ യോഗമായിരുന്നു മിക്കയിടങ്ങളിലും പള്ളിയോഗം. ക്രൈസ്തവ സമൂഹങ്ങൾ ചിതറിക്കിടന്നിരുന്നു. കാലക്രമേണ 'ജാതിക്കു കർത്തവ്യൻ' മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൊതുഭരണാധിപനായി. ഇദ്ദേഹത്തെ തെരഞ്ഞെടുത്തിരുന്നത് പ്രാദേശിക സഭകൾ കൂടിച്ചേർന്നായിരുന്നു. ജാതിക്കു കർത്തവ്യന്റെ ശുപാർശ പ്രകാരമായിരുന്നു വിദേശത്തുനിന്നും വന്നിരുന്ന മെത്രാന്മാർ വൈദികർക്കു പട്ടം നൽകിയിരുന്നത്. മല്പാന്മാരുടെ കീഴിൽ സുറിയാനി പഠനം നടത്തിയിരുന്നവരായിരുന്നു വൈദികർ.

### പോർട്ടുഗീസ് ആധിപത്യം

16-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ പേർഷ്യൻ സഭ നാമാവശേഷമായി. ഇക്കാലത്ത് തെക്കേ ഇന്ത്യയിൽ പോർട്ടുഗീസുകാർ അജയ്യ ശക്തിയായി ഉയർന്നു. പറങ്കി ബന്ധത്തോടെ നസ്രാണികളുടെ പൊതുഭരണാധികാരിയായിരുന്ന ജാതിക്കു കർത്തവ്യൻ "അർക്കദിയാക്കോൻ" (ആർച്ചു ഡീക്കൻ) എന്നറിയപ്പെട്ടു. അങ്കമാലിയായിരുന്നു ഇദ്ദേഹത്തിന്റെ ആസ്ഥാനം. പകലോമറ്റം കുടുംബത്തിൽ നിന്നാണ് അർക്കദിയാക്കോന്മാർ മിക്കപ്പോഴും തെരഞ്ഞെടുക്കപ്പെട്ടിരുന്നത്. ആവശ്യമുള്ളപ്പോൾ വിദേശത്തുനിന്നും മെത്രാന്മാരെ അർക്കദിയാക്കോൻ ക്ഷണിച്ചു വരുത്തി.

മലങ്കരയിലെ പൊതു ഭരണാധികാരിയെ (ജാതിക്കു കർത്തവ്യൻ/അർക്കദിയാക്കോൻ) മെത്രാനായി വാഴിച്ചിരുന്നില്ല. ഇതിനുള്ള കാരണങ്ങൾ നിഗമനം ചെയ്യാവുന്നതാണ്.

തെക്കേ ഇന്ത്യയിൽ വന്ന റോമൻ കത്തോലിക്കാ മിഷണറിമാർ അനേകരെ ക്രിസ്ത്യാനികളാക്കി. ഇവർ വൈദിക സെമിനാരികൾ സ്ഥാപിച്ചു. ലത്തീൻ ഭാഷയും വൈദിക സംസ്ക്കാരവും നാട്ടു ക്രിസ്ത്യാനികളിൽ അടിച്ചേല്പിക്കുവാൻ ഇവർ ശ്രമിച്ചു. നൂറ്റാണ്ടുകളായി നിലനിന്ന സുറിയാനി ആചാരാനുഷ്ഠാനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു പറങ്കി ആചാരാനുഷ്ഠാനങ്ങൾ. ഇതിനെ എതിർക്കുവാൻ അനേകരുണ്ടായി. പേർഷ്യൻ മെത്രാന്മാരുടെ വരവു തടയുന്നതിനായി പിന്നീട് പറങ്കികളുടെ ശ്രമം. ഇതിൽ അവർ വിജയിച്ചു. നാട്ടു രാജാക്കന്മാർ ക്രമേണ പറങ്കികൾക്കനുകൂല നിലപാടെടുത്തു. പറങ്കിപ്പടയ്ക്കും പണത്തിനും മുന്നിൽ രാജാക്കന്മാർ നിസ്സഹായരായിരുന്നു. നാട്ടു ക്രിസ്ത്യാനികളെ പാട്ടിലാക്കാൻ ചതുരുപായങ്ങളും ഇവർ പ്രയോഗിച്ചു. മാർത്തോമ്മാ ക്രിസ്ത്യാനികൾ ഒന്നാകെ റോമൻ ശക്തിക്കു മുന്നിൽ കീഴടങ്ങേണ്ടതായി വന്നു.

### ഉദയംപേരൂർ സുന്നഹദോസ്

ഗോവയിലെ ആർച്ചു ബിഷപ്പായിരുന്ന മെനസിസ് 1599-ൽ ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുചേർത്തു. പള്ളി യോഗങ്ങളുടെ പ്രതിനിധികളെയാണ് ഇതിൽ പങ്കെടുപ്പിച്ചത്. വൈദികരും അവൈദികരും ഇതിൽ ഉൾപ്പെട്ടിരുന്നു. സുന്നഹദോസ് തീരുമാനങ്ങൾ സഭയ്ക്കാകെ ബാധകമായിരിക്കുമെന്ന് മെനസിസ് പ്രഖ്യാപിച്ചു. സുറിയാനി നസ്രാണികളെ റോമൻ നുകത്തിലാക്കുവാൻ സുന്നഹദോസ് തീരുമാനങ്ങൾമൂലം മെനസിസിനു സാധിച്ചു.

ഇതോടെ സ്വതന്ത്ര പ്രാദേശിക സഭ

കൾ (പള്ളികൾ) എന്ന സങ്കല്പം അസ്തമിച്ചു. പള്ളികൾ റോമൻ സഭയുടെ ഇടവകകളായി (പാരിഷ്) മാറ്റപ്പെട്ടു; പട്ടക്കാർ മെത്രാന്റെ കീഴിലുള്ള 'വികാരി'മാരായി. സഭയിൽ അവൈദികർക്കുണ്ടായിരുന്ന സ്ഥാനങ്ങൾ നഷ്ടപ്പെട്ടു. മെനസിസ് ആരാധനാ ക്രമങ്ങൾ പുതുക്കി. പുരാതന രേഖകളും പുസ്തകങ്ങളും ചുട്ടുകരിച്ചു. സ്വാതന്ത്ര്യബോധമുള്ള സുറിയാനി ക്രിസ്ത്യാനികൾ നിരാലംബരായിരുന്നു. അവരുടെ മനസ്സ് നീറിപ്പുകഞ്ഞു.

### കൂനൻ കുരിശു സത്യം

റോമൻ ആധിപത്യം മലങ്കരയിലെ സഭയെ ഒരു കൂടക്കീഴിലാക്കി. കർക്കശ എപ്പിസ്ക്കോപ്പൽ ഭരണരീതി നടപ്പിൽവന്നു. ക്രമേണ പറങ്കികളുടെ ശക്തി ക്ഷയിച്ചു. ഡച്ചുകാർ പറങ്കികളുടെ സ്ഥാനത്ത് ആധിപത്യം സ്ഥാപിച്ചു. സുറിയാനി സംസ്ക്കാരത്തിൽ കഴിഞ്ഞിരുന്ന മലങ്കരയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ലത്തീൻ പരിഷ്ക്കരണത്തിൽ രോഷാകുലരായി. ഇവരുടെ രോഷം, 1653 ലെ മട്ടാഞ്ചേരി കൂനൻ കുരിശ് സത്യത്തിലേക്കു നയിച്ചു. ഒരു നിർണ്ണായക സഭാ വിഭാഗം റോമാ നുകം വലിച്ചെറിഞ്ഞു. തോമ്മാ അർക്കദിയാക്കോൻ ഇവർക്കു നേതൃത്വം നൽകി. കൂനൻ കുരിശു സത്യത്തെ തുടർന്ന്, മാർത്തോമ്മാ ക്രിസ്ത്യാനികൾ ആലങ്ങാടു പള്ളിയിൽ സമ്മേളിച്ച് തോമ്മാ അർക്കദിയാക്കോനെ 'ഒന്നാം മാർത്തോമ്മാ' എന്ന നാമധേയത്തിൽ മെത്രാനായി വാഴിച്ചു. പൗരസ്ത്യ മേല്പട്ടക്കാരനായിരുന്ന അഹത്തള്ളായുടെ 'കല്പന പ്രകാര'മായിരുന്നു ഒന്നാം മാർത്തോമ്മായെ വാഴിച്ചത്.

### മലങ്കര-അന്ത്യോക്യാബന്ധം

ഒന്നാം മാർത്തോമ്മാ മറ്റൊരു മേല്പട്ടക്കാരനിൽനിന്നു കൈവയ്പു ലഭിച്ച മെത്രാനായിരുന്നില്ല. ഇതിൽ മലങ്കരയിലെ 'പുത്തൻകൂർ' ക്രിസ്ത്യാനികൾ അസന്തുഷ്ടരായിരുന്നു.

1665-ൽ യരുശലേമിലെ മാർ ഗ്രിഗോറിയോസ് അബ്ദുൾ ജലീൽ മലങ്കരയിലെത്തി (അന്ത്യോക്യാ പാത്രിയർക്കീസാണ് ഇദ്ദേഹത്തെ അയച്ചതെന്നു ചില ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു). മാർ ഗ്രിഗോറിയോസ് ഒന്നാം മാർത്തോമ്മായുടെ മേല്പട്ടസ്ഥാനം 'കൈവയ്പു' നൽകി ക്രമപ്പെടുത്തി. (ഇതിനോടും യോജിക്കാത്ത ചരിത്രകാരന്മാരുണ്ട്) അന്ത്യോക്യാ പാത്രിയർക്കേറ്റും മലങ്കരയുമായുള്ള ബന്ധത്തിന് തുടക്കം കുറിച്ചത് ഇവിടെയാണ്.

*തുടരും.....*


**മലങ്കരസഭയുടെ ഓഫീസ് പരുമലയിൽ**

പരുമലപ്പെരുന്നാളിനോടനുബന്ധിച്ച് ഈ വർഷവും പരുമലയിൽ മലങ്കരസഭ മാസികയുടെ ഓഫീസ് നവംബർ 1, 2, 3 തീയതികളിൽ പ്രവർത്തിക്കും. വരിസംഖ്യ അടയ്ക്കുന്നതിനും പുതിയതായി വരിക്കാരാകുന്നതിനും സൗകര്യം ഉണ്ടായിരിക്കും.


കവിത

## ഒടുവിലൊരു തടവറ

ഫാ. പി. പി. ഗീവർഗീസ് പാമ്പാടി

ജരയും നരയും വന്നു നിരക്കും
കര ചരണങ്ങൾക്കരുതാഴികയും
പരലോകത്തിൻ വരദാനമതാം
പരമാനന്ദം കരുതിക്കഴിയും;

ഉറ്റവരുടയവർ കുറ്റം പറയും
മറ്റുള്ളവരോ തെറ്റിപ്പിരിയും
ഒറ്റയ്ക്കല്ലാതാരുണ്ടേറ്റം
വറ്റിയ കിണറാണീ വാർദ്ധക്യം

പണ്ടത്തെപ്പോലുണ്ടാകില്ലിനി
ഇണ്ടലകന്നൊരു കാലം ഭുവിൽ
തണ്ടും തടിയും വാക്കും നാക്കും
നീണ്ടൊരു കാലം വിജയം നേടി

പണവും പേരും പെരുമയുമെല്ലാം
തൃണമായ് കരുതിയ കാലം പോകും
ധനമോ വരുവാൻ വഴിമാറീടും
അനവധിയാവശ്യങ്ങൾ പെരുകും

സന്ദർശകരുടെ വൃന്ദം വന്നി-
ട്ടെന്നും പെരുനാളായതുമാറും
വന്നിട്ടവരുടെ സമയം കളയാ-
മെന്നല്ലാതൊരു നേട്ടവുമില്ല

കൊട്ടും കുരവയുമിഷ്ടപ്പെടുകി-
ല്ലൊട്ടും വേണ്ടാ വെടിയും പടയും,
നട്ടെല്ലു നിവർത്തിപ്പറയാനോ
നഷ്ടപ്പെട്ടൊരു ധീരത പോരാ

കുട്ടികളെക്കണ്ടാലൊരു കുതകും
പെട്ടന്നവരോ വിട്ടകലുന്നു,
ഓടാനെളുതല്ലാത്തൊരു കാലം
വീടും നാടും കൈ വിട്ടീടും

മേലധികാരികളറിയുകയില്ല
ആലോചിപ്പാനാളു വരില്ല,
കറിവേപ്പിലയേ! നിന്നുടെ രുചിയിൽ
നിറവാർന്നൊരു നാവല്ലേ ലോകം?

ഏകാന്തതയുടെ തടവറയാണീ-
ശോകാർദ്രം ജീവിത സായാഹ്നം
എങ്കിലുമവിടെയടുത്തുണ്ടൊരുവൻ
സങ്കടമെല്ലാം മാറ്റും ദൈവം.



ലേഖനം

# രോഗസൗഖ്യം തിരുവചന വെളിച്ചത്തിൽ

ഫാ. സി. വി. അബ്രഹാം, പഴഞ്ഞി

**രോ**ഗത്തിന്റെ കാഠിന്യത്താലും ബഹുലതയാലും ജനം സൗഖ്യത്തിനായി ഓടുകയാണ്. എവിടെ നിന്ന് സൗഖ്യം ലഭിക്കും എന്നുള്ള ചിന്തയാലാണ് മനുഷ്യർ ഓടിക്കൊണ്ടിരിക്കുന്നത്. വൈദ്യന്മാരുടെ നിർദ്ദേശ പ്രകാരം എല്ലാം ചെയ്തിട്ടും തക്കഫലം ലഭിക്കാത്തതിനാൽ മന്ത്രവാദം, മുതലായ വിഷയത്തിലേയ്ക്ക് പോകുന്നവരും ഇന്ന് ധാരാളമുണ്ട്. ഇതിനും പുറമെ ഭക്തരെന്ന് നടിക്കുകയും രാപകൽ തോരാത്ത മഴപോലെ ദൈവവചനം പ്രഘോഷിക്കുകയും ചെയ്യുന്നവരുടെ കരസ്പർശനത്താൽ സൗഖ്യം കൈവരുന്നു. എന്ന് മൗഢ്യമായി പ്രചരിപ്പിച്ചവരുമുണ്ട്. അത്തരക്കാരുടെ വ്യഥാ വാക്കുകൾക്ക് വിധേയരായി അന്ധതയോടെ പ്രവർത്തിക്കുന്നവരുമുണ്ട് "പരിജ്ഞാനമില്ലാത്തതിനാൽ എന്റെ ജനം തെറ്റിപോകുന്നു"വെന്ന് ഏശായാ പ്രവാചകൻ പറഞ്ഞത് വെറുതെയല്ല. രോഗസൗഖ്യം ലഭിക്കുന്നതിനുള്ള ചില മാർഗ്ഗങ്ങൾ തിരുവചനത്തിൽ കൂടി നമുക്ക് പരിശോധിക്കാം.

**1. ദൈവമായ യഹോവയോടുള്ള ഉറ്റ ബന്ധത്താൽ രോഗസൗഖ്യം ലഭിക്കുന്നു (പുറ. 23-25)**

"ഞാൻ രോഗങ്ങളെ നിന്റെ നടുവിൽ നിന്ന് അകറ്റി കളയും"-ദൈവമായ യഹോവ മോശ മുഖാന്തിരം ഇസ്രായേൽ ജനത്തെ മിസ്രേമിൽ നിന്ന് വിടുവിച്ചുവല്ലോ. അവർ ദൈവം കൽപിച്ച സ്ഥലത്തേയ്ക്ക് യാത്ര തുടരുകയാണ് പ്രസ്തുത യാത്രയിൽ ആധികളും വ്യാധികളും അവരെ ബാധിക്കുകയുണ്ടായി. വേദന നിറഞ്ഞ ആ യാത്രയിൽ അവർ ദൈവത്തോട് നിലവിളിക്കുകയും യാചിക്കുകയും ചെയ്തു. അതിൽ നിന്നെല്ലാം ദൈവം അവരെ വിടുവിച്ചു. അവർക്ക് കുടിക്കുവാൻ പോലും വെള്ളം



കിട്ടാതിരുന്ന സമയത്തും കുടിക്കുവാൻ കയ്പുള്ള വെള്ളം കിട്ടിയപ്പോഴും അവർ നിലവിളിക്കുക തന്നെയാണ് ചെയ്തത്. അതിനാൽ അവർക്ക് കുടിക്കുവാൻ ശുദ്ധ ജലവും ഭക്ഷിപ്പാൻ മേത്തരമായ ഭക്ഷണ സാധനങ്ങളും കൊടുക്കുകയുണ്ടായി. ഈ സന്ദർഭത്തിലും ദൈവം അവരോട് കൽപിച്ചത് "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു" എന്നാണ്. ഇതേ ബന്ധത്തിൽ വേറെയൊരിക്കൽ യഹോവ കൽപിച്ചത് "എനിക്ക് മനസ്സുള്ളവനോട് കരുണ തോന്നുന്നു" എന്നാണ്. ആകയാൽ ദൈവത്തോടും ദൈവ പുത്രനോടും ഉള്ള ഉറ്റ ബന്ധത്തിലും പ്രസ്തുത വാഗ്ദാനങ്ങളിലുള്ള ഉറപ്പിലും രോഗം, പരിഹരിക്കപ്പെടുന്നു.

2. ദൈവപുരുഷനായ മോശയുടെ മദ്ധ്യസ്ഥതയാൽ രോഗം സൗഖ്യമാക്കപ്പെട്ടു. (സംഖ്യ 12) 1-16 ദൈവദാസനായ

**അവൾ യേശുവിന്റെ പുറകിൽ കൂടി വന്ന് യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. ക്രിസ്തു പറഞ്ഞു. "എന്നെ തൊട്ടതാര്?" ശക്തി എങ്കൽ നിന്ന് പുറപ്പെട്ടുവല്ലോ. ആ നാഴിക മുതൽ ആ സ്ത്രീയ്ക്ക് സൗഖ്യം വന്നു.**

# എം.ഒ.സി. പബ്ലിക്കേഷൻസ് ദേവലോകം, കോട്ടയം-38

**മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസിന്റെ പ്രത്യേക സ്റ്റാൾ ഓർത്തഡോക്സ് സെമിനാരി ബുക്സ്റ്റാളിനോടനുബന്ധിച്ച് നവം. 2, 3 തീയതികളിൽ പരുമലയിൽ ഉണ്ടായിരിക്കും.**

* പുസ്തകങ്ങൾക്ക് ആകർഷമായ വില
* ഗ്രന്ഥശാലകൾക്ക് പ്രത്യേകം സൗജന്യം
* വിശ്വാസ പാഠങ്ങൾ സൗജന്യം!!
* സഭാ ചരിത്ര ഗ്രന്ഥങ്ങൾ
* സാഹിത്യ ഗ്രന്ഥങ്ങൾ
* വേദശാസ്ത്ര ഗ്രന്ഥങ്ങൾ
* ആരാധനാ ക്രമങ്ങൾ

## സഭാ പ്രസിദ്ധീകരണങ്ങൾ- * വാങ്ങുക * വായിക്കുക * പ്രചരിപ്പിക്കുക

1. കുർബ്ബാനക്രമം (ഓർഡിനറി) പ്രത്യേക പാട്ടുകൾ ചേർത്തത്
2. കുർബ്ബാന ക്രമം (ഡീലക്സ്)
3. കുർബ്ബാനക്രമം (ഓർഡിനറി)
4. കുർബ്ബാനക്രമം (പോക്കറ്റ് സൈസ്)
5. വി. കുർബ്ബാനയുടെ ഹൂത്തോമ്മോ
6. വി. കുർബ്ബാന തക്സാ *
7. കുർബ്ബാന ക്രമം (ഇംഗ്ലീഷ്)
കുർബ്ബാന ക്രമം (സുറിയാനി)
8. ശ്ഹീമന്മാരുടെ നമസ്ക്കാരം (മലയാളം)
9. ശ്ഹീമ നമസ്ക്കാരം (സുറിയാനി)
10. വിശുദ്ധ ഏവൻഗേലിയോൻ *
11. നിത്യ പ്രാർത്ഥന ക്രമം
12. പ്രാർത്ഥനാക്രമം (പാമ്പാക്കുട നമസ്ക്കാരം)
13. പ്രാർത്ഥനാക്രമം (പാമ്പാക്കുട നമസ്ക്കാരക്രമം) (ഡീലക്സ്)
14. കുടുംബാരാധനക്രമം
15. Common Prayer
16. സന്ദർഭോചിത പ്രാർത്ഥനകൾ
17. കന്തീലാകഹനൈത്താ ക്രമം (ഗദ്യം)
18. കന്തീലാശുശ്രൂഷാ ക്രമം
19. വൈദീകരുടെ ശവസംസ്ക്കാര ശുശ്രൂഷാക്രമം (കഹനൈത്താ)
20. ശവസംസ്ക്കാര ശുശ്രൂഷാക്രമം
21. വി. വേദവായനക്കുറിപ്പ്
22. നോമ്പിലെ നമസ്ക്കാരക്രമം (മൂന്നുനോമ്പ്, വലിയ നോമ്പ്) (പദ്യം)
23. നോമ്പിലെ നമസ്ക്കാരക്രമം (മൂന്നു നോമ്പ്, വലിയനോമ്പ്) (പദ്യം)
24. നോമ്പിലെ നമസ്ക്കാരക്രമം (മൂന്നു നോമ്പ്, വലിയ നോമ്പ്) (ഡീലക്സ്)
25. നോമ്പിലെ കുടുംബാരാധനക്രമം (മൂന്നുനോമ്പ്, വലിയ നോമ്പ്)
26. കഷ്ഠാനുഭവാഴ്ച നമസ്ക്കാരക്രമം (ഗദ്യം)
27. കഷ്ഠാനുഭവാഴ്ച നമസ്ക്കാരം (പദ്യം) ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകൾ ചേർന്നത്
28. ദുഃഖവെള്ളിയാഴ്ച നമസ്ക്കാരക്രമം (ഗീതങ്ങൾ മാത്രം)
29. ഹാശാ ദുഃഖവെള്ളി നമസ്ക്കാരക്രമം
30. പ്രുമിയോൻ, മൂന്നു നോമ്പിലേയും വലിയ നോമ്പിലേയും
31. പ്രുമിയോൻ, കഷ്ടാനുഭവ ആഴ്ച
32. പ്രുമിയോൻ, കൂദേശ് ഈത്തോ ഞായറാഴ്ച മുതൽ ആനീദെ ഞായറാഴ്ച വരെ
33. പ്രുമിയോൻ, ഉയർപ്പു ഞായറാഴ്ച മുതൽ കൂദോശ് ഈത്തോ ഞായറാഴ്ച വരെ
34. പ്രുമിയോൻ, വിശുദ്ധ കുർബ്ബാന
35. ആണ്ടു തക്സാ
36. കൂദാശ ക്രമങ്ങൾ
37. കൂദാശക്രമങ്ങളും ആനീദായും (ഗീതങ്ങൾ മാത്രം)
38. പെരുന്നാൾ ശുശ്രൂഷാക്രമം (ഗീതങ്ങൾ മാത്രം)
39. വിവാഹ കൂദാശ (ഗീതങ്ങൾ മാത്രം)
40. പട്ടംകൊട ശുശ്രൂഷാക്രമം (ഗീതങ്ങൾമാത്രം)
41. പ. ദൈവമാതാവിന്റെ പെരുന്നാൾ (പെങ്കീസാ) നമസ്ക്കാരക്രമം
42. പ. പരുമല തിരുമേനിയുടെ പെരുന്നാൾ (പെങ്കീസാ) നമസ്ക്കാരക്രമം
43. ഉച്ചനമസ്ക്കാരവും മദ്ധ്യസ്ഥ പ്രാർത്ഥനകളും
44. സുന്ത്രോണീസോ ശുശ്രൂഷാക്രമം *
45. ആത്മഹത്യ ചെയ്തവർക്കുള്ള ശവസംസ്ക്കാര ശുശ്രൂഷാക്രമം
46. ദയറാക്കാരുടെ ശവസംസ്ക്കാരം
47. എക്കാറ (സുറിയാനി)
48. ശുശ്രൂഷാ സംവിധാന സഹായി
49. കുമ്പസാര സഹായി
50. മൂറിമറ്റത്തിൽ ബാവാ (മലങ്കരയിലെ ഒന്നാം കാതോലിക്ക)
51. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഒരു പഠനം
52. തിരുവചന ദീപ്തി
53. വി. പൗലോസിന്റെ പ്രാർത്ഥനകൾ
54. 101 സ്വാന്തന ചിന്തകൾ
55. കുടുംബവേദി
56. വിശുദ്ധ നാട്ടിൽ
57. വി. ഐറേനിയോസ്
58. തച്ചിൽ മാത്തൂതരകന്റെ തങ്കക്കൊമ്പൻ
59. വലിയ മാർ ദിവന്നാസിയോസും തരണല്ലൂർ നമ്പൂതിരിപ്പാടും
60. അഞ്ചാം മാർത്തോമ്മായുടെ പീഠനങ്ങൾ
61. മാത്യൂസ് മാർ അത്താനാസിയോസ്
62. മലങ്കര നസ്രാണികളുടെ ജാത്യോൽകൃഷ്ടവും...
63. മാത്യൂസ് അത്താനാസിയോസിന്റെ പഞ്ചകല്യാണി
64. അന്നാമ്മയും പാസ്റ്ററും
65. ഓർത്തഡോക്സ് പഠനങ്ങൾ
66. ദൈവത്തെ അറിയുക
67. ഓർത്തഡോക്സ് സഭയുടെ ആരാധനയും ആചാരാനുഷ്ഠാനങ്ങളും
68. മലങ്കര നസ്രാണികൾ (Vol-2)
69. സുറിയാനി ഭാഷാ പ്രവേശിക
70. Suprime Court Judjement 1995
71. Christ The Niversal Saviour
72. Truth Triumphs
73. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അടിസ്ഥാന വിശ്വാസ സത്യങ്ങൾ
74. സുറിയാനി സംഗീതം
75. തിരുവചന തീർത്ഥം
76. കൃപയുടെ നീർച്ചാലുകൾ *
77. യേറുശലേം യാത്ര
78. ബാർ എബ്രായയുടെ നർമോക്തികൾ
79. മലങ്കര ഓർത്തഡോക്സ് സഭാ ഡയറക്ടറി
80. പൗരസ്ത്യ വേദശാസ്ത്ര ദർശനങ്ങൾ
81. സഭാപിതാക്കന്മാരും ഡോ. ചന്ദനപ്പള്ളിയും
82. മരണവും അനന്തരജീവിതവും
83. നിരണം ഗ്രന്ഥവരി
84. പ. പരുമല തിരുമേനി മലയാള സാഹിത്യത്തിൽ
85. ഹൂദായകാനോൻ
86. Family Treasure (Gift Packet)
87. ഇടവക രജിസ്റ്റർ
88. മാമോദിസ രജിസ്റ്റർ
89. കാതോലിക്കേറ്റ് പതാക
വലുത്, ഇടത്തരം, ചെറുത്, കാർഫ്ളാഗ്,
90. പ്രത്യാശയോടെ ഒരുമിക്കാം
91. സഭാപിതാക്കന്മാരും സാഹിത്യവും

* സ്റ്റോക്ക് ഇല്ലാത്തവ

ഫാ. കെ. എം. സഖറിയ,
(സെക്രട്ടറി എം.ഒ.സി. പബ്ലിക്കേഷൻസ്)


ലേഖനം

ഫാ. സജി യോഹന്നാൻ, ചണ്ഡിഗഢ്

# വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും

**"നരച്ചവന്റെ മുമ്പാകെ എഴുന്നേൽക്കയും വൃദ്ധന്റെ മുഖം ബഹുമാനിക്കയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം". (ലേവ്യ 19:32) സമൂഹവും വാർദ്ധക്യം എന്ന അവസ്ഥയ്ക്ക് പവിത്രതയും പുഷ്ടിയും കല്പിച്ചിരുന്നു. എന്നാൽ ചില കാതലായ വ്യതിയാനങ്ങൾ സമീപകാലത്ത് വാർദ്ധക്യാവസ്ഥയോടുള്ള സമീപനത്തിൽ വന്നിട്ടുണ്ട്.**

നൂറ്റാണ്ടുകൾക്കു മുമ്പ് സങ്കീർത്തനക്കാരൻ താളാത്മകമായി പാടിയ ഒരു സങ്കീർത്തന ശകലമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. നീതിമാനായ മനുഷ്യനെ അവന്റെ വാർദ്ധക്യം പോലും തളർത്തുന്നില്ല, അവൻ വാർദ്ധക്യത്തിലും തളിരിട്ട് തഴയ്ക്കും എന്ന് 92-ാം സങ്കീർത്തനത്തിൽ പാടുന്നു.

വി. വേദപുസ്തകം, വാർദ്ധക്യത്തിന്റെ പവിത്രത വെളിവാക്കുന്ന അനേക പരാമർശങ്ങൾ നിരത്തുന്നുണ്ട്. "നരച്ചവന്റെ മുമ്പാകെ എഴുന്നേൽക്കയും വൃദ്ധന്റെ മുഖം ബഹുമാനിക്കയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം". (ലേവ്യ 19:32) സമൂഹവും വാർദ്ധക്യം എന്ന അവസ്ഥയ്ക്ക് പവിത്രതയും പുഷ്ടിയും കല്പിച്ചിരുന്നു. എന്നാൽ ചില കാതലായ വ്യതിയാനങ്ങൾ സമീപകാലത്ത് വാർദ്ധക്യാവസ്ഥയോടുള്ള സമീപനത്തിൽ വന്നിട്ടുണ്ട് എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. കുടുംബ ബന്ധങ്ങൾ അമൂല്യമായി കാണുന്ന നമ്മുടെ സംസ്ക്കാരത്തിലും കടന്നുകയറിയിരിക്കുന്ന ഈ പ്രവണത, കാലോചിതമായ ഒരു വിലയിരുത്തലിന് പ്രേരിപ്പിക്കുന്നു.

കുടുംബത്തിന്റെ തലയായി നിന്നുകൊണ്ട് വർദ്ധിച്ച ഉത്സാഹത്തോടെ കർമ്മ നിരതനായി കുടുംബത്തെ നയിക്കുന്ന "കാരണവർ" നമ്മുടെ പൈതൃകത്തിന്റെ ഭാഗമായിരുന്നു. അത് ചില കാലങ്ങൾക്കു മുമ്പ് നിലനിന്നിരുന്നുതാനും. കാലത്തിന്റെ ദ്രുതഗതിയിലുള്ള പാച്ചിലിൽ ഈ ശ്രേഷ്ഠ പാരമ്പര്യങ്ങളും ഒഴുകിയകലുന്നു. ഇന്നത്തെ "ഡിസ്പോസബിൾ" സംസ്ക്കാരത്തിൽ "അറുപതു കഴിഞ്ഞാൽ ആവശ്യമില്ലാത്തത്" എന്ന് തോന്നും വണ്ണം വാർദ്ധക്യം ചിലയിടങ്ങളിലെങ്കിലും വലിച്ചെറിയപ്പെടുന്നു.

യു.എൻ.-ന്റെ കണക്കു പ്രകാരം 2015 ആകുമ്പോഴേക്കും 60-നു മുകളിൽ പ്രായമുള്ളവരുടെ സംഖ്യ ഇന്നുള്ളതിന്റെ ഇരട്ടി ആകും. അതായത് ഏകദേശം ഒരു ബില്യനായി ഉയരും. ഇന്ത്യയിൽ ഇത് 198 മില്യൻ ആയി ഉയരും. വൃദ്ധരുടെ സംഖ്യ ഇങ്ങനെ കുതിച്ചുയരുന്നതുമൂലം അവരിലേക്കും അവരുടെ പ്രശ്നങ്ങളിലേക്കും ശ്രദ്ധ പതിപ്പിക്കുവാൻ 1999 "അന്താരാഷ്ട്ര വയോധിക വർഷ" (Year of the Old) മായി യു. എൻ. പ്രഖ്യാപിച്ചിരുന്നു. കൂടാതെ എല്ലാ വർഷവും ഒക്ടോബർ 1, മുതിർന്ന പൗരൻമാരുടെ ദിവസ (Senior Citizens, Day) മായും പ്രഖ്യാപിച്ചിട്ടുണ്ട്. ഭാരത സർക്കാർ ഇവരുടെ സാമ്പത്തിക ഭദ്രത, ആരോഗ്യ പരിപാലനം, പാർപ്പിടം, ചൂഷണത്തിൽ നിന്നുള്ള സംരക്ഷണം ഇവ ഉറപ്പാക്കുവാൻ ഒരു പ്രത്യേക നയരൂപീകരണംതന്നെ നടത്തിയിട്ടുണ്ട്. സർക്കാർ കണ്ടെത്തലനുസരിച്ച് ആഗോളവൽക്കരണം, നഗരവൽക്കരണം, വ്യവസായവൽക്കരണം തുടങ്ങിയവ വാർദ്ധക്യത്തിലെത്തിയവർ ഉപേക്ഷിക്കപ്പെട്ടവരും അലയുന്നവരുമായിത്തീരാൻ കാരണമാകുന്നു. കുടുംബ ബന്ധങ്ങൾ പവിത്രമായിക്കാണുന്ന നമ്മുടെ സംസ്ക്കാരത്തിൽ എന്തിന് തങ്ങളെ പോറ്റിപ്പുലർത്തി വലിയവരാക്കിയ മാതാപിതാക്കൾക്ക് അന്നവും അഭയവും നല്കാൻ സർക്കാരിനെ ഏല്പിക്കണം? ഒരു ധാർമ്മിക



ചുമതല മക്കളെന്ന തലമുറയ്ക്കില്ലേ?

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് ഒരു പ്രത്യേക വിഭാഗമായി വൃദ്ധരെ മാറ്റി നിർത്തി "സീനിയർ സിറ്റിസൺസ്" എന്ന് രാഷ്ട്രവും, സഭയും, സമൂഹവും വിളിക്കുമ്പോൾ ഈ വേർതിരിവ് അവർക്ക് കൂടുതൽ ബുദ്ധിമുട്ടിനുള്ള കാരണമാകാതിരുന്നാൽ നന്ന്. നിരാലംബരായ വൃദ്ധർക്കുവേണ്ടി സർക്കാരും, സഭയും, സാമൂഹിക സംഘടനകളും നടത്തുന്ന കർമ്മ പരിപാടികൾ ഇളം തലമുറയ്ക്ക് തങ്ങളുടെ വൃദ്ധരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും ഒളിച്ചോട്ടത്തിനുള്ള മാർഗ്ഗമാകാതിരുന്നാൽ നന്ന്. വൃദ്ധനും, ബാലനും യുവാവും ഒക്കെ ഉൾക്കൊള്ളുന്ന, എല്ലാവരുടേയും നന്മ ലാക്കാക്കിയുള്ള പൊതു സാമൂഹിക സംവിധാനങ്ങൾ നിലവിൽ വരണം.

ആശാകേന്ദ്രങ്ങൾ എന്നറിയപ്പെടുന്ന വൃദ്ധഭവനങ്ങൾ ഇന്ന് കേരളത്തിലെ ഇടത്തരം പട്ടണങ്ങളിൽപ്പോലും, പ്രത്യേകിച്ച് ക്രൈസ്തവരുടെ സംഖ്യ കൂടുതലുള്ള സ്ഥലങ്ങളിൽ, ഉയർന്നുവരുന്നു. സഭകളുടെയും, സാമൂഹ്യസംഘടനകളുടെയും സർക്കാരിന്റെയും ചുമതലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾ ഉറ്റവരും ഉടയവരും ഇല്ലാത്ത ആളുകളെ പുനരധിവസിപ്പിക്കാനും അതുവഴി അവർ അനാഥരല്ല എന്ന ബോധം വളർത്താനും അത്യധികം സഹായിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് അവസ്ഥ പാടെ മാറിയിരിക്കുന്നു ഉറ്റവരും ഉടയവരും ഉള്ളവർക്ക് അവരുടെ പിൻഗാമികൾ കണ്ടെത്തുന്ന ശരണാലയങ്ങളായി ഇവ മാറിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ തലമുറയ്ക്ക് തങ്ങളുടെ 'ഭാരം' ഒന്നിറക്കിവയ്ക്കാൻ ആശവയ്ക്കാവുന്ന കേന്ദ്രങ്ങളാണിവ എന്ന് അനുഭവസ്ഥർ പറയുന്നു. വൃദ്ധമാതാപിതാക്കളെ ഇവിടേക്ക് കൊണ്ടെത്തിക്കാൻ മാതൃക കാട്ടുന്നത് പാരമ്പര്യ ക്രിസ്ത്യാനികളുടെ പരമ്പരകളാണെന്നുള്ളത് അവിടം സന്ദർശിച്ചാൽ വ്യക്തമാകും.

ക്രിസ്തീയ സമൂഹം എക്കാലവും വാർദ്ധക്യത്തെ വളരെ ശ്രേഷ്ഠതയോടുകൂടിയേ വീക്ഷിച്ചിരുന്നുള്ളൂ. "നരച്ചതല ശോഭയുള്ള കിരീടമാകുന്നു" (സദൃ. 16:31) എന്ന വേദവാക്യം അക്ഷരാർത്ഥത്തിൽ പാലിക്കപ്പെട്ടിരുന്ന ഒരു കാലം കേരള ക്രൈസ്തവർക്കുണ്ടായിരുന്നു. കുടുംബത്തിലെ കാരണവർ കുടുംബത്തിന് അഭിമാനമായിരുന്നു. അക്കാലത്ത് ഇളംതലമുറ അറിയപ്പെട്ടിരുന്നതു തന്നെ കാരണവരുടെ മേൽ വിലാസത്തിലായിരുന്നു. ഇന്ന് സ്ഥിതി നേരേ വിപരീതമാണ്.

പ്രായം ഏറുന്തോറും പക്വതയും ഏറും എന്ന പ്രമാണം ഒരു കാലത്ത് ഏവരാലും അംഗീകരിക്കപ്പെട്ടിരുന്നു. സ്വീഡിഷ് സിനിമാ സംവിധായകനായ Ingmar Bergman പറയുന്നത് "വാർദ്ധക്യം ഒരു മലകയറ്റം പോലെയാണ്. ഉയരത്തിലേക്ക് കയറും തോറും ക്ഷീണവും കിതപ്പും വർദ്ധിക്കും, പക്ഷേ സ്വന്തം ചുറ്റുപാടുകൾ കൂടുതൽവ്യക്തമായിക്കാണാൻ അപ്പോൾ കഴിയും". എന്നാൽ ഈ പ്രമാണത്തിന് അംഗീകാരം കുറഞ്ഞുവരുന്നതായിക്കാണാം. വാർദ്ധക്യമെത്തിയ ഒരാൾ ഭവനത്തിലുള്ളത് ഇന്ന് ബുദ്ധിമുട്ടായിക്കാണുമ്പോൾ, അതൊരു ദൈവാനുഗ്രഹമായിക്കണ്ടിരുന്ന കാലമുണ്ടായിരുന്നു. അലക്സാണ്ടർ സ്മിത്ത് പറയുന്നത് "വാർദ്ധക്യത്തിന് ഒരു ദൈവീക ഛായയുണ്ട്" എന്നാണ്. വിവാഹം പോലുള്ള മംഗളകർമ്മങ്ങൾക്ക് തയ്യാറാകുമ്പോൾ കുടുംബത്തിലെ ഏറ്റം പ്രായമുള്ളവർക്ക് ദക്ഷിണ സമർപ്പിച്ച് അനുഗ്രഹം തേടുന്ന പാരമ്പര്യം നമുക്കുണ്ട്. മരണാസന്നരായ വൃദ്ധരുടെ കൈകൾ പിൻഗാമികളുടെ തലയിൽ വച്ച് അനുഗ്രഹം പ്രാപിച്ചിരുന്ന പതിവും ക്രിസ്തീയ സമൂഹങ്ങളിലുണ്ടായിരുന്നു. എന്നാൽ ഇതെല്ലാം കാലഗതി പ്രാപിച്ചു കൊണ്ടിരിക്കുന്നു എന്നതാണ് സത്യം.

എന്തുകൊണ്ട് ശ്രേഷ്ഠമായ വാർദ്ധക്യം തുച്ഛീകരിക്കപ്പെടുന്നു? എന്തുകൊണ്ട് ദൈവീക ഛായയുള്ള മനുഷ്യ ജീവിതങ്ങൾ വെറും ഇരുൾമുറികളിൽ തളച്ചിടപ്പെടുന്നു? പരമ്പരാഗതമായ കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും, വിശാലമായ തൊഴിൽ മേഖലകൾ തേടിയുള്ള തൊഴിൽ കുടിയേറ്റങ്ങളും, ആധുനിക തലമുറയുടെ സാമ്പത്തികാഭിവൃദ്ധിയും സുഖലോലുപത്വവും ഒക്കെ കാരണങ്ങളായി കണ്ടെത്താം. വൃദ്ധനും വൃദ്ധയും സ്വൈരമായി വിഹരിച്ചിരുന്ന ലളിതസുന്ദരമായ വീടുകൾ സമ്പന്നതയ്ക്ക് വഴിമാറി. ചാരുകസേരയുടെ സ്ഥാനത്ത് സമ്പന്നതയുടെ കളിത്തൊട്ടിലും പനയോല വിശറിയുടെ സ്ഥാനത്ത് ശീതീകരണ യന്ത്രവും മറ്റനേക ആധുനിക സൗകര്യങ്ങളും ഉൾക്കൊള്ളാൻ കഴിയാത്ത വാർദ്ധക്യങ്ങൾ മണിമാളികയുടെ പിന്നാമ്പുറത്തെ ഇരുൾമുറികളിൽ, അതുമല്ലെങ്കിൽ അഭയകേന്ദ്രങ്ങളിൽ തളർന്നു മയങ്ങേണ്ടിവരുമ്പോൾ നരച്ചതല ശോഭയുള്ള കിരീടത്തേക്കാൾ നിരാശയുടെ മുൾക്കിരീടം പേറുന്ന അനുഭവത്തിലെത്തുന്നു.

മലങ്കര സഭയിലെ പല ഇടവകകളിലും വാർദ്ധക്യത്തിലെത്തിയവർക്കു വേണ്ടി "സീനിയർ സിറ്റിസൺസ്" യോഗങ്ങൾ നടത്തുന്നുണ്ട്. തികച്ചും ആശാവഹമായ ഒരു തുടക്കമാണിത്. വാർദ്ധക്യത്തിലെത്തിയവരുടെ ജീവിതം പ്രത്യാശാഭരിതമാക്കുവാനും അവർ നേരിടുന്ന പ്രശ്നങ്ങളേ അഭിമുഖീകരിക്കുവാൻ അവരെ ശക്തരാക്കുവാനും ഈ യോഗങ്ങൾക്ക് കഴിയണം എന്നാൽ 60 തികഞ്ഞാൽ മറ്റെല്ലാ സംഘടനകളും ഉപേക്ഷിച്ച് ഇതിലേക്ക് വരണം എന്ന് നിഷ്കർഷിക്കാതിരുന്നാൽ നന്ന്.

വാർദ്ധക്യത്തിന്റെ ദൈവീക ഛായ നിലനിർത്തത്തക്കവണ്ണം, നരച്ചതല ശോഭയുള്ള കിരീടങ്ങളായി പ്രശോഭിക്കത്തക്കവണ്ണം ഇടവക തലത്തിൽ പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺസ് യോഗങ്ങൾ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടപ്പാക്കണം. അതിൽ ഒന്നാമത് വാർദ്ധക്യത്തിന്റെ പവിത്രത ഇളം തലമുറയ്ക്ക് മനസ്സിലാക്കിക്കൊടുക്കുക. രണ്ടാമത് സ്വന്തം മാതാപിതാക്കളെ പരിചരിക്കുവാനും സന്തോഷത്തോടെ ഇവിടെ നിന്നും യാത്രയാക്കാനും മക്കൾക്ക് കടമയുണ്ട് അത് അനുഗ്രഹദായകമാണ് എന്ന് അവരെ മനസ്സിലാക്കി കൊടുക്കുക. മക്കൾ നല്കുന്ന പരിചരണവും കരുതലും ഒരു ഹോം നേഴ്സിനും, ഒരു വൃദ്ധസദനത്തിനും നല്കാൻ കഴിയില്ല. അല്പം ത്യാഗ മനോഭാവം മക്കൾ ഇക്കാര്യത്തിൽ കാണിച്ചേ മതിയാവൂ. സഹതാപത്തേക്കാൾ സഹകരണം നല്കി വാർദ്ധക്യം ആനന്ദദായകമാക്കുക. ഇടവക തലത്തിൽ ക്ഷീണാവസ്ഥയിൽ കഴിയുന്ന വൃദ്ധരെ തുടരെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ആശ്വസിപ്പിക്കുകയും സഹായങ്ങൾ നൽകി ആവശ്യക്കാരെ കരുതുകയും വേണം. കൂടാതെ പ്രധാന പെരുന്നാളുകളിൽ അവരെ പളളിയിൽ എത്തിച്ച് വി. കുർബ്ബാന നല്കുകയോ അല്ലാത്ത പക്ഷം ഭവനങ്ങളിൽ വി. കുർബാന നല്കത്തക്കവണ്ണം ക്രമീകരണങ്ങൾ ചെയ്യുകയോ ചെയ്യുന്നത് അനുഗ്രഹപ്രദമാണ്.

വാർദ്ധക്യം ദൈവീകദാനമാണ്. ദീർഘായുസ്സോടെയിരുന്ന് ദൈവം നൽകിയ ജീവിതം കർമ്മോത്സുകമായി ജീവിച്ച് ദൈവകരങ്ങളിൽ പ്രത്യാശയോടെ തിരിച്ചേല്പിക്കുവാൻ കഴിയുന്നതിനേക്കാൾ വലിയ ഭാഗ്യം മറ്റൊന്നുമില്ല. അതിന് സഹായകമാകത്തക്കവണ്ണം അവരെ പരിപാലിക്കുന്ന തലമുറ കാവലും കരുതലും നല്കണം.

സഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ ബാവാ തിരുമേനിയും മറ്റ് വന്ദ്യ തിരുമേനിമാരും വാർദ്ധക്യാവ്സഥയിലും വിശുദ്ധിയുടെ നിറവിൽ സഭയേ നയിക്കുന്നു. ഇന്ത്യയുടെ പ്രഥ പൗരൻ മുതലുള്ള രാഷ്ട്രീയ സാമൂഹ്യ നേതാക്കളും മതപുരോഹിതൻമാരും വാർദ്ധക്യത്തിലും പുഷ്ടിയോടെ സേവനം ചെയ്യുന്നു. ഇതൊക്കെ സങ്കീർത്തനക്കാരന്റെ നൂറ്റാണ്ടുകൾക്കു മുമ്പുള്ള പാട്ടിന് അടിയവരയിടുന്നതാണ്: വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും

കടന്നു പോകുന്ന തലമുറയ്ക്ക് അവർ നേരിടുന്ന വാർദ്ധക്യം വെറും "വ്യർത്ഥക്യം" ആകാതിരിപ്പാൻ സൂക്ഷിക്കുക. നിനക്ക് നന്മയുണ്ടാകുവാനും നീ ദീർഘായുസ്സോടെ ഇരിപ്പാനുമായിട്ട് നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക. അതിനുകഴിയുന്നില്ലെങ്കിൽ മക്കളേ! സൂക്ഷിക്കുക! കാരണം, വാർദ്ധക്യത്തിന്റെ കണ്ണുനീർ ചുടുകണ്ണീരാണ്. ❖

# വിശ്വാസപാഠം

*ചോദ്യം:- ഇതര സഭകളുടെ വിവാഹങ്ങളെ നമ്മുടെ സഭ എങ്ങനെയാണ് കാണുന്നത്? ഇതിനെ സംബന്ധിച്ച് പ. സഭയ്ക്ക് പൊതുവായ എന്തെങ്കിലും നിശ്ചയമുണ്ടോ?*

ഉത്തരം:- ഉണ്ടല്ലോ. മറ്റു ക്രൈസ്തവ സഭകളുമായുള്ള നമ്മുടെ സഭാംഗങ്ങളുടെ വിവാഹ ബന്ധങ്ങളെ സംബന്ധിച്ച് 1977 ഫെബ്രുവരിയിൽ കൂടിയ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് എടുത്ത തീരുമാനങ്ങൾ സഭാംഗങ്ങളുടെ അറിവിലേക്കായി ഒന്നുകൂടി അറിയിക്കാം

(a) നമ്മുടെ സഭയിൽ പെട്ടവരും ഇതര ക്രൈസ്തവ സഭകളിൽ വിവാഹം ചെയ്തു കൊടുത്തിട്ടുള്ളവരുമായ സ്ത്രീകൾ നമ്മുടെ വിശ്വാസാചാരങ്ങളിൽ പ്രകാരം തുടർന്നു നടന്നു കൊള്ളാമെന്ന് ഉറപ്പു തരികയും, പ്രതിജ്ഞ ചെയ്യുകയും ചെയ്യുമെങ്കിൽ അവരെ നമ്മുടെ സഭാംഗങ്ങളായി തുടരുന്നതിന് അനുവദിക്കാവുന്നതാണ്.

(b) മറ്റു സഭകളിൽ പോയി വിവാഹം നടത്തിക്കുവാൻ നമ്മുടെ സ്ത്രീ പുരുഷന്മാർക്ക് അനുവാദമില്ല. എന്നാൽ ഇതിനു വിപരീതമായി ആരെങ്കിലും പ്രവർത്തിച്ചാൽ അവർക്കു നമ്മുടെ സഭയിൽ തുടരുന്നതിനു താഴെ വിവരിച്ചിരിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാകുന്നു

(1) റോമൻ കത്തോലിക്ക, കൽദായ (നെസ്തോറിയൻ) എന്നീ സഭകളിൽ വച്ച് വിവാഹം കഴിച്ചിട്ടുള്ളവരാണെങ്കിൽ അവർ ചെയ്ത തെറ്റിനെ ഏറ്റുപറഞ്ഞ് വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിക്കുന്നതു കൂടാതെ അവർ പട്ടക്കാർ നിശ്ചയിക്കുന്ന പ്രായശ്ചിത്തവും ചെയ്യേണ്ടതാകുന്നു.

(2) സി.എൻ.ഐ, സി.എസ്.ഐ., മാർത്തോമാ, തോഴിയൂർ സ്വതന്ത്ര സഭ എന്നീ എപ്പിസ്ക്കോപ്പൽ സഭകളിൽ വച്ച് വിവാഹം കഴിച്ചിട്ടുള്ളവരാണെങ്കിൽ അവർ ചെയ്ത തെറ്റിനെ ഏറ്റു പറയുകയും, കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കുകയും, അവരുടെ ഭാര്യാപദം സ്വീകരിച്ചിട്ടുള്ള ആസഭയിലെ പെൺകുട്ടികൾക്ക് വി. മൂറോൻ അഭിഷേകം നടത്തുകയും, അവർ കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കുകയും ചെയ്യുന്നതു കൂടാതെ അവരുടെ വിവാഹം, നമ്മുടെ വിവാഹ ശുശ്രൂഷയിലെ രണ്ടാം ക്രമത്തിൽ നിന്നും തക്കതായ പ്രാർത്ഥനകൾ ചൊല്ലി കിരീടം വാഴ്വും, കൈ പിടുത്തവും നടത്തി പൂർത്തീകരിക്കുകയും പട്ടക്കാർ നിശ്ചയിക്കുന്ന പ്രായശ്ചിത്തം നടത്തുകയും ചെയ്യേണ്ടതാണ്. മോതിരം വാഴ്വ്, മിന്നുകെട്ട്, മന്ത്രകോടി ഇടീൽ എന്നിവ വീണ്ടും നടത്തേണ്ടതില്ല.

(3) എപ്പിസ്ക്കോപ്പലല്ലാത്ത മറ്റു ക്രൈസ്തവ വിഭാഗങ്ങളിൽ വച്ച് നടന്നിട്ടുള്ള വിവാഹങ്ങളാണെങ്കിൽ അങ്ങനെയുള്ളവരെ സ്വീകരിക്കുമ്പോൾ അവർ ചെയ്ത തെറ്റ് ഏറ്റു പറയുകയും പട്ടക്കാർ നിശ്ചയിക്കുന്ന പ്രായശ്ചിത്തം കഴിക്കുകയും അവർ വി. കുമ്പസാരവും, വി. കുർബ്ബാനാനുഭവവും നടത്തുകയും അവർ വിവാഹം കഴിച്ചിട്ടുള്ള പെൺകുട്ടികളെ മാമോദീസാ മുക്കുകയും വി. മൂറോൻ അഭിഷേകം നടത്തുകയും അവർ വി. കുർബ്ബാന അനുഭവിക്കുകയും അവരുടെ വിവാഹം നമ്മുടെ ക്രമം അനുസരിച്ച് മുഴുവനായി നടത്തുകയും ചെയ്യേണ്ടതാണ്.


(4) വിവാഹക്കുറി: മറ്റുസഭകളിൽ വച്ച് നടത്തുന്ന വിവാഹത്തിന് നമ്മുടെ സഭയിൽ വച്ച് നടക്കുന്ന വിവാഹങ്ങൾക്കു കൊടുത്തു വരുന്ന രീതിയിലുള്ള വിവാഹക്കുറി കൊടുക്കുകയൊ പ്രസ്തുത വിവാഹങ്ങളുടെ വിളിച്ചു ചൊല്ല് നമ്മുടെ പള്ളികളിൽ നടത്തുകയൊ ചെയ്യാൻ പാടില്ലാത്തതാകുന്നു. എന്നാൽ ഒഴിച്ചുകൂടാത്ത ആവശ്യം ഉണ്ടായാൽ താഴെപ്പറയുന്ന വിധത്തിലുള്ള ഒരു വിവാഹക്കുറി 'ഇന്ന വികാരിക്ക് എന്ന് എഴുതാതെ.' 'ഈ ഇടവകയിൽപെട്ട ഇന്നാരുടേയും ഇന്നാരുടേയും മകൾ/മകൻ ഇന്നാരുടെ വിവാഹം നടത്തുന്നതിന് കാനോനികവും, സഭാ പരവുമായ യാതൊരു തടസ്സവും ഇല്ലാത്തതാകുന്നു' എന്നു വിവാഹക്കുറി എന്ന് മേലെഴുത്തുള്ള പ്രത്യേക കടലാസ്സിൽ എഴുതി കൊടുക്കാവുന്നതുമാണ്.

**ഫാ. പി. എം. സഖറിയ,**
**പള്ളിക്കപ്പെറമ്പിൽ**

NINTEEN YEARS TODAY

18-10-2003

*In ever loving memory of*



**BRIJMON**

Theruvil - Hill View, Devalokam, Kottayam

*Greatly Loved*

*and*

*Deeply Grieved*

Sorrowing Mummy and Daddy





അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ, കുന്നംകുളം

# ഒരു പരദേശ യാത്രയുടെ കഥ

**ഒരു പരദേശ യാത്രയുടെ കഥ (യാത്രാ വിവരണം), പേജ് 100; വില 50**

**ഗ്രന്ഥ കർത്താ : പുലിക്കോട്ടിൽ ജോസപ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത (എം. ഡി. സെമിനാരി സ്ഥാപകൻ)**

**പ്രസാധകൻ : ആത്മ പോഷിണി പബ്ലിക്കേഷൻസ്, കുന്നംകുളം,**

ഭാഷാ സാഹിത്യ സരണിയിലെ സഞ്ചാര സാഹിത്യവിഭാഗത്തിന് ഒരു മുതൽക്കൂട്ടാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ രചിച്ച ഒരു പരദേശ യാത്രയുടെ കഥ എന്ന ഗ്രന്ഥം. മലയാള വർഷം 1038-കുംഭമാസം 27-ന് കുന്നംകുളത്തുനിന്ന് ആരംഭിക്കുന്ന യാത്രാവിവരണം ശീമ രാജ്യങ്ങളിൽ ചുറ്റി സഞ്ചരിച്ച് ഉദ്ദിഷ്ട ലക്ഷ്യങ്ങൾ നേടി 1040-തുലാം 20-ാം തീയതി നാട്ടിൽ തിരിച്ചെത്തുന്നതോടെ അവസാനിക്കുന്നു. ഏകദേശം പത്തൊമ്പതുമാസത്തോളം നീണ്ടുനിന്ന യാത്ര മലയാളഭാഷയിലെ ആദ്യകാല യാത്രാവിവരണ കൃതികളുടെ ഗണത്തിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്നു. പുലിക്കോട്ടിൽ തിരുമേനി യാത്രാവേളയിൽ ഡയറിക്കുറിപ്പുകൾ എഴുതി വെച്ചിരുന്നു. അതുനോക്കി നാട്ടിൽ തിരിച്ചു വന്നശേഷം അദ്ദേഹം യാത്രാവിവരണം എഴുതി പൂർത്തിയാക്കി. തിരുമേനിയുടെ കൈപ്പടയിൽ എഴുതിയ പ്രസ്തുത യാത്രാവിവരണത്തിന്റെ ഏതാനും താളുകൾ പഴയ സിമനാരിയിൽ നിന്നും കണ്ടു കിട്ടിയിട്ടുണ്ട്.

എം. പി. വർക്കി (മുക്കഞ്ചേരിൽ) പുലിക്കോട്ടിൽ തിരുമേനിയുടെ ജീവചരിത്രം എഴുതിയത് 1902-ൽ മലയാള മനോരമ പബ്ലിക്കേഷൻസ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. മേൽപ്പട്ട സ്ഥാനം സ്വീകരിപ്പാൻ മർദ്ദീനിലേക്ക് പോയ യാത്രയുടെ വിവരണം തിരുമേനി എഴുതിയത് വർക്കി പ്രസ്തുത ജീവചരിത്ര ഗ്രന്ഥത്തിൽ ചേർത്തിരുന്നു. ജീവചരിത്രവും, യാത്രാവിവരണവും കൂട്ടിച്ചേർത്താണ് വർക്കി എഴുതിയിട്ടുള്ളത്. "മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത" എന്നാണ് പുസ്തകത്തിന്റെ പേർ. അതിൽ നിന്ന് യാത്രാ വിവരണം മാത്രം വേർ തിരിച്ച് എടുത്താണ് ഒരു പരദേശ യാത്രയുടെ കഥ എന്ന ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്.


തീയതിയും സ്ഥലവും കാണിച്ച് പുലിക്കോട്ടിൽ തിരുമേനി അതീവ ശ്രദ്ധയോടെ എഴുതിയ യാത്രാവിവരണം വായനക്കാരുടെ ഹൃദയം കവരുവാൻ പര്യാപ്തമായതാണ്. ഒരു സമ്പുഷ്ട യാത്രാ വിവരണ ഗ്രന്ഥത്തിനു വേണ്ട എല്ലാ ഗുണങ്ങളും ഈ യാത്രാവിവരണത്തിന് ഉണ്ടെന്നുള്ളതാണ് ഇതിന്റെ മേന്മ. ശീമരാജ്യത്തിലെ ചില സമ്പ്രദായങ്ങളും മറ്റും തിരുമേനി എഴുതിയിട്ടുള്ളത് വായിക്കുമ്പോൾ നമ്മൾ ആശ്ചര്യപ്പെട്ടുപോകും! യാത്രാ വേളയിൽ തിരുമേനി തരണം ചെയ്ത ആപത്തുകൾ വായിക്കുമ്പോൾ അറിയാതെ നമ്മൾതന്നെ പ്രാർത്ഥിച്ചു പോകും! അദ്ദേഹത്തിന് ആപത്തൊന്നും വരുത്തരുതേ, കർത്താവേ! എന്ന്. അത്രയ്ക്ക് സ്വാഭാവികമായിട്ടുണ്ട് തിരുമനസിലെ തൂലികയുടെ ചലനം. തെല്ലും മുഷിച്ചിൽ കൂടാതെ ഒരൊറ്റ ഇരുപ്പിൽ വായിച്ചു തീർക്കാവുന്ന യാത്രാ വിവരണ ഗ്രന്ഥമാണ് ഇതെന്നുള്ളതാണ് മറ്റൊരു മേന്മ. വ്യക്തിയുടെ ജീവചരിത്രഗ്രന്ഥത്തിൽ നിന്നും അടർത്തിമാറ്റി യാത്രാവിവരണം മാത്രമായി ഇത്തരത്തിലുള്ള ഗ്രന്ഥം വളരെ കൊല്ലങ്ങൾക്കു മുൻപു തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതായിരുന്നു എന്ന് വായനക്കാർക്ക് പരിഭവം തോന്നുന്നുണ്ടെങ്കിൽ അവരെ കുറ്റം പറയാൻ വയ്യ. ഇപ്പോഴെങ്കിലും ഇതും പ്രസിദ്ധീകരിക്കാൻ സന്മനസ്സുണ്ടായ ആത്മ പോഷിണി പബ്ലിക്കേഷൻസിനെ അനുമോദിക്കുന്നു.

ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള ഫാദർ ഡോ. ജോസഫ് ചീരന്റെ ആമുഖ പഠനം പണ്ഡിതോചിതമായ ഒരു പ്രബന്ധമാണ്. ഗവേഷണ വിദ്യാർത്ഥികൾക്ക് ഇതൊരു സ്വർണ്ണഖനിയാണ്. അനവധി ഗ്രന്ഥങ്ങൾ തപ്പിയാൽ കിട്ടാവുന്ന മണി മുത്തുകൾ ഇതിൽ നിന്നും ലഭിക്കും. മലയാളഭാഷയിലെ സഞ്ചാര സാഹിത്യപെരുമയെക്കുറിച്ചുള്ള സമഗ്രമായ പഠന റിപ്പോർട്ടാണ് ചീരനച്ചൻ ഇതിൽ കാഴ്ച വെച്ചിരിക്കുന്നത്. മലയാള ഭാഷാ പ്രഫസറായി അനവധികൊല്ലം കോളേജിൽ പഠിപ്പിച്ച അദ്ദേഹത്തെ പോലെയുള്ള പരിണത പ്രജ്ഞർക്കു മാത്രമേ ഈ കർമ്മ കാണ്ഡം രചിക്കുവാൻ കഴിഞ്ഞെന്നു വരികയുള്ളു.

മലയാള ഭാഷാ സ്നേഹികളും, ഗവേഷണ വിദ്യാർത്ഥികളും, സഭാചരിത്ര പണ്ഡിതൻമാരും ഈ ഗ്രന്ഥം ഒരാവർത്തി വായിച്ചിരിക്കുന്നതു നന്നായിരിക്കും.

❖

*Favours Received*

**Mr. & Mrs. T. G. Varghese**

**Theverkattil**

**Vayalathala**

# 'ഗ്രാമങ്ങളുടെ പിതാവിന്' എൺപതിന്റെ സൂര്യശോഭ

**മി**ഷനറി പ്രവർത്തനത്തിന്റെ നൂതന രീതി ശാസ്ത്രങ്ങളുമായി ദൈവരാജ്യ വിപുലീകരണ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഇടയ ശ്രേഷ്ഠൻ 80-ാം വയസ്സിലേക്കു പ്രവേശിക്കുന്നു. കൽക്കട്ട ഭദ്രാസനത്തിന്റെ അധിപൻ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ 80-ാം വയസിന്റെ നിറവിൽ നിന്ന് പിറകിലേക്കു നോക്കുമ്പോൾ, 'നല്ല ഓട്ടം ഓടി പോർ പൊരുതി'യതിന്റെ ചാരിതാർത്ഥ്യത.

'കൊയ്ത്ത്' അധികമുള്ള ഉത്തരേന്ത്യൻ വിളഭൂമികളിൽ, കൊയ്ത്തുകാരുടെ അഭാവം തീർക്കാനുള്ള ഈ ഇടയന്റെ പ്രവർത്തനങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയ്ക്കു അവിസ്മരണീയമാണ്. ലാളിത്യവും ദൈവാശ്രയബോധവും കൈമുതലാക്കിയ ഈ അജപാലകൻ സഭയുടെ പുതിയ ദൗത്യങ്ങൾ തിരിച്ചറിയുന്നതിലും പ്രവർത്തന സജ്ജമാക്കുന്നതിലും വ്യാപൃതനാണ്. ഒക്ടോബർ രണ്ടിനു എൺപതിലേക്കു കടന്ന ഡോ. സ്തേഫാനോസ് മാർ ദേവോദോസ്യോസ് മെത്രാപ്പോലീത്തായുമായി നടത്തിയ കൂടിക്കാഴ്ചയിൽ നിന്നും.

*തിരുമേനി ജീവിതത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ പ്രധാനമായും ആരോടാണ് കടപ്പാട് തോന്നുന്നത്?*

വൈദിക വൃത്തിയിലേക്കു വരാൻ എന്നെ ഉപദേശിച്ചതും മാർഗദർശനം നൽകിയതും വന്ദ്യ ദിവ്യ ശ്രീ. എം. സി. കുറിയാക്കോസ് റമ്പാച്ചനാണ്. എന്നെ ഈ നിലയിൽ എത്തിക്കുന്നതിനു മുഖ്യ പങ്കു വഹിച്ചത് റമ്പാച്ചനാണ്. എന്റെ ജീവിതം രൂപപ്പെടുത്തുന്നതിൽ കുറിയാക്കോസ് റമ്പാനു വ്യക്തമായ ദർശനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആശീർവാദത്തോടു തന്നെയാണ് ഉത്തരേന്ത്യയിലേക്കു യാത്രയായതും.

അമ്മ വളരെ പ്രാർത്ഥന ജീവിതമുള്ള ഒരു വ്യക്തിയായിരുന്നു. അമ്മയുടെ കൃത്യനിഷ്ഠയോടെയുള്ള പ്രാർത്ഥനാ ജീവിതവും, കുറിയാക്കോസ് റമ്പാച്ചന്റെ സാമീപ്യവും ചെറുപ്പത്തിൽ തന്നെ, എന്റെ മനസ്സിൽ സ്വാധീനമുളവാക്കി.

*റമ്പാച്ചനുമായുള്ള ജീവിതം എങ്ങനെ സ്വാധീനിച്ചു!*

പാത്താമുട്ടം സ്ലീബാ പള്ളിയിലായിരുന്നു കുറിയാക്കോസ് റമ്പാച്ചൻ താമസിച്ചിരുന്നത്. വിജ്ഞാനിയായ ആ ആദ്ധ്യാത്മിക ഗുരുവുമായുള്ള സഹവാസം എന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തി എന്നു പറയാം. വളരെയേറെ ദീർഘദർശനത്തോടെയുള്ള അച്ചടക്കമുള്ള ജീവിതശൈലിയുടെ ഉടമയായിരുന്നു അദ്ദേഹം. അപ്രകാരമുള്ള ഒരു ജീവിതശൈലി എന്നിലും ഉണ്ടാകണമെന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നു.

റമ്പാച്ചൻ സ്ലീബാ പള്ളിയിലുള്ളപ്പോൾ ഞാൻ അത്താഴം കഴിഞ്ഞ് പള്ളിയിലെത്തും. നമസ്ക്കാരങ്ങൾക്കു ശേഷം സുറിയാനിയും വേദശാസ്ത്രപാഠങ്ങളും അഭ്യസിപ്പിക്കും. രാവിലെയും അരമണിക്കൂർ സുറിയാനി പഠിപ്പിക്കും. അങ്ങനെ റമ്പാച്ചൻ വൈദികർക്കു വേണ്ട ക്രമങ്ങളെല്ലാം എന്നെ അഭ്യസിപ്പിച്ചു. റമ്പാച്ചന്റെ നിർദ്ദേശപ്രകാരം 1122 മീനം 25-നു പ. ഗീവർഗീസ് ദ്വിതീയൻ ബാവാ എന്നെ ശെമ്മാശനാക്കി.

കടുത്ത ഓർത്തഡോക്സ് വിശ്വാസിയായിരുന്ന റമ്പാച്ചന് സെറാമ്പൂർ സർവ്വകലാശാലയുടെ, പാശ്ചാത്യ വേദശാസ്ത്ര പാഠങ്ങൾ പഠിക്കുന്നതിൽ താത്പര്യം ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ എന്നെ സെമിനാരിയിൽ വിട്ടു പഠിപ്പിക്കുന്നതിന് അദ്ദേഹത്തിനു ഇഷ്ടമില്ലായിരുന്നു.

*ജീവിതത്തിൽ വഴിത്തിരിവായ സംഭവം?*

'മലങ്കരസഭ' മാസികയിൽ വന്ന മൂക്കഞ്ചേരിൽ പത്രോസ് റമ്പാന്റെ ലേഖനം വായിക്കാനിടയായത് ജീവിതയാത്രയിൽ വഴിത്തിരിവുണ്ടാക്കി. ഉത്തരേന്ത്യയിൽ ബ്രിട്ടീഷുകാർ ഉപേക്ഷിച്ചു പോയ പള്ളികളെപ്പറ്റിയും, അവിടെയുള്ള ഓർത്തഡോക്സ് വിശ്വാസികൾക്ക് അതുപയോഗിക്കാനുള്ള സാധ്യതകളെപ്പറ്റിയൊക്കെയായിരുന്നു ലേഖനത്തിന്റെ ഉള്ളടക്കം. ചെറുപ്പക്കാരായ വൈദികർ അവിടെയെത്തിയാൽ അത് സഭക്കു ഉപയോഗപ്പെടുത്താമെന്നും, ഉന്നത വിദ്യാഭ്യാസത്തിനുള്ള സാഹചര്യം ലഭ്യമാകുമെന്നും ലേഖനത്തിൽ അഭിപ്രായപ്പെട്ടിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ജബൽപ്പൂരിലുള്ള വിശ്വാസികളുമായി ബന്ധപ്പെട്ടു. ജബൽപ്പൂരിലേക്കു പോകുന്നത് കുറിയാക്കോസ് റമ്പാച്ചൻ നിരുത്സാഹപ്പെടുത്തിയെങ്കിലും, അവിടെയുള്ള വിശ്വാസികൾ ആവശ്യപ്പെട്ട സാഹചര്യത്തിൽ എന്നെ ജബൽപ്പൂരിലേക്കു പോകുവാൻ അനുവദിച്ചു. 1952-ൽ ആണ് ഞാൻ ജബൽപ്പൂരിലെത്തിയത്. അതിനുമുമ്പു തന്നെ (1945-ൽ) സമീപത്തുള്ള സീഹോറ ഗ്രാമത്തിൽ മാർത്തോമാ സഭയുടെ ആശ്രമവും മിഷൻ സെന്ററും സ്ഥാപിച്ചിരുന്നു. ഇത് എന്നെ ഏറെ ചിന്താകുലനാക്കി. ദൈവം അനുവദിക്കുകയാണെങ്കിൽ ഉത്തരേന്ത്യയിൽ മിഷൻ പ്രവർത്തനത്തിൽ മുഴുവൻ സമയം ഏർപ്പെടണമെന്നു ആഗ്രഹിച്ചു.

*ഭിലായിൽ എത്തിച്ചേരാനും ആശ്രമം തുടങ്ങാനും ഇടയായ സാഹചര്യമെന്താണ്?*

ബഹ്റിൻ പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുമ്പോൾ ഫാ. എം. വി. ജോർജ്ജ് (പിന്നീട് ഗീവർഗീസ് മാർ ഒസ്താത്തിയോസ്), മാർതോമാ ശ്ലീഹായുടെ 1900-ാം ചരമ വാർഷികത്തോടനുബന്ധിച്ച് ഭിലായിയിൽ ഒരു മിഷൻ സെന്റർ തുടങ്ങിയെന്നും അത് ഫാ. പുന്നൂസ് ഏറ്റെടുത്ത് നടത്തുന്നത് ഉചിതമായിരിക്കുമെന്നും അറിയിച്ചു. അത് ദൈവവിളിയായി കരുതി, 1972 ഒക്ടോബറിൽ ഭിലായി മിഷന്റെ ചുമതല ഏറ്റെടുത്തു.

*ഭിലായി മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?*

വിദ്യാഭ്യാസ പ്രവർത്തനങ്ങളും മിഷൻ വേലയുമെല്ലാം ഭിലായി മിഷന്റെ പ്രധാന മേഖലകളാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ക്കൂളുകളും കോളേജും സ്ഥാപിക്കാൻ കഴിഞ്ഞു. മക്കോഡിയ കേന്ദ്രമാക്കി 102 ഗ്രാമങ്ങളിൽ (ദരിദ്രരായ 'ഗോണ്ട' വർഗക്കാരുടെയിടയിൽ). മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നു. ഭിലായിൽ ഒരു ബാലഭവനവും പ്രവർത്തിക്കുന്നു.

*സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ നിന്നു വ്യത്യസ്തമായി ഗ്രാമീണ മേഖലയിൽ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കാൻ കാരണം?*

ബാലഭവനോ, അഗതി മന്ദിരമോ നടത്തുന്നതിനേക്കാൾ സമൂഹത്തിനു പ്രയോജനം ജനങ്ങളുടെ ഇടയിലുള്ള പ്രവർത്തനം ആണ്. ഒരു അഗതി മന്ദിരത്തിന്റെ നടത്തിപ്പു ചെലവ് തന്നെ വളരെ ഭീമമാണ്. അതിന്റെ ഗുണഭോക്താക്കൾ അവിടുത്തെ അംഗങ്ങൾ മാത്രമാണ്. പ്രാദേശിക തലത്തിൽ മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങൾ മനസിലാക്കി പ്രവർത്തിക്കുന്നതാണ് സമൂഹത്തിന്റെ വികസനത്തിനു ഉപകരിക്കുന്നത്. അതാണ് ഗ്രാമീണ മേഖലയിലേക്കു, ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങി പ്രവർത്തിക്കാൻ കാരണം.

*സാമൂഹ്യ വികസന പ്രവർത്തനം നടത്തുമ്പോൾ ശാസ്ത്രീയ രീതി അവലംബിക്കുന്നത് പ്രവർത്തനങ്ങളുടെ പ്രയോജന ക്ഷമത വർധിപ്പിക്കുകയില്ലേ?*

ഭിലായി മിഷൻ പ്രധാനമായും ഗ്രാമീണ ജനങ്ങളുടെ ഇടയിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ ഏജൻസികളുമായും മറ്റു സന്നദ്ധ സംഘടനകളുമായും സഹകരിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രവർത്തനങ്ങൾ നടത്തുമ്പോൾ ശാസ്ത്രീയമായ രീതി ഉപയോഗിക്കുന്നത് വളരെയേറെ നല്ലതാണ് എന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. ഞങ്ങളുടെ പ്രവർത്തനങ്ങളും ആ രീതിയിലാണ് നടക്കുന്നത്. പണം വാരിക്കോരി കൊടുക്കുന്നതിലല്ല; ജനങ്ങളുടെ അജ്ഞത അകറ്റി, അവരെ അവരുടെ കഴിവുകളെപ്പറ്റി ബോധവാന്മാരാക്കുന്നതിൽ ശ്രദ്ധിക്കുന്നു.

സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവരുടെ നിലനില്പിനാവശ്യമായ സമ്പത്തും സാഹചര്യങ്ങളും അവർ തന്നെ കണ്ടെത്താൻ സഹായിക്കുന്നു. അതുവഴി സ്ഥായിയായ വികസനം സാധ്യമാകും.

*ജീവിതത്തിലെ മറക്കാനാവാത്ത സംഭവം?*

1982-ൽ ഫെബ്രുവരി 28-ന് ഭിലായിലെ സെന്റ്. തോമസ് ആശ്രമം അക്രമികൾ ആക്രമിച്ചു. ഞാനായിരുന്നു അവരുടെ ലക്ഷ്യം. ദൈവകൃപയാൽ ഞാൻ അന്ന് സുന്നഹദോസിൽ പങ്കെടുക്കുന്നതിനായി പഴയ സെമിനാരിയിലായിരുന്നു.

മറ്റൊരു സംഭവം ഭിലായിലെ കോളജ് സ്ഥാപനവുമായി ബന്ധപ്പെട്ടാണ്. കോളജ് തുടങ്ങുവാൻ ആഗ്രഹിക്കുകയും അതിനു അപേക്ഷ നൽകുകയും ചെയ്തു. കോളജ് തുടങ്ങുവാൻ ഒന്നര ലക്ഷം രൂപ യു.ജി.സി.യ്ക്ക് നല്കണമെന്നാവശ്യപ്പെട്ട ഒരു കത്തു വന്നു. അന്നു പണം കണ്ടെത്താൻ കഴിയാത്തതുമൂലം കോളജ് സ്ഥാപിക്കുവാനുള്ള പദ്ധതിക്കു തത്ക്കാല വിരാമമിട്ടു. മൂന്നു നാലു ദിവസത്തിനുശേഷം ഉച്ച നമസ്ക്കാരം കഴിഞ്ഞ് മുറിയിലെത്തിയപ്പോൾ പോസ്റ്റ്മാൻ കുറെ രജിസ്റ്റർ കത്തുകൾ കൊണ്ടു തന്നു. അതിലൊന്നിൽ ഒന്നര ലക്ഷം രൂപയുടെ ഡ്രാഫ്റ്റായിരുന്നു.



കൂടിക്കാഴ്ച: മാർ തേവോദോസ്യോസ്, ഫാ. റ്റി. എ. ഇടയാടി, ശ്രീ. ലജു പി. തോമസ്

*കൽക്കട്ട ഭദ്രാസനം വിഭജിക്കണം എന്ന അഭിപ്രായത്തെപ്പറ്റി?*

പള്ളികളിൽ അംഗങ്ങൾ കുറയുകയും സാമ്പത്തിക വരുമാനം ഇല്ലാതെ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ അതിന്റെ പ്രായോഗികതയെക്കുറിച്ച് ചിന്തിക്കണം.

*മെത്രാപ്പോലീത്താമാരുടെ സ്ഥലം മാറ്റം?*

സ്ഥലമാറ്റവും റിട്ടയർമെന്റും വളരെ ആലോചിച്ച് ചെയ്യേണ്ട കാര്യങ്ങളാണ്.

*കാലം ചെയ്താൽ?*

ഭിലായിൽ തന്നെ അന്ത്യ വിശ്രമം.

*കൽക്കട്ടാ ഭദ്രാസനത്തിന്റെ അജപാലന ദൗത്യം ഏറ്റെടുക്കുമ്പോഴുള്ള അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും താരതമ്യം ചെയ്താൽ?*

ഭദ്രാസനം രൂപം കൊണ്ടിട്ട് 24 വർഷം പിന്നിടുകയാണ്. പ്രാരംഭ കാലത്ത് 11 പള്ളികളേ ഉണ്ടായിരുന്നുള്ളൂ. എല്ലാ ഞായറാഴ്ചയും കുർബാന അർപ്പിക്കുന്ന പള്ളികൾ മൂന്നോ നാലോ ഉണ്ടായിരുന്നുള്ളൂ. ഇന്ന് ഇടവകകളും കോൺഗ്രിഗേഷനുകളും ഉൾപ്പെടെ അമ്പതോളം ആരാധനാലയങ്ങളുണ്ട്. 21 സ്ക്കൂളുകളും 2 കോളജുകളും ഭദ്രാസനത്തിന്റേതായിട്ടുണ്ട്. 38 വൈദികർ ഭദ്രാസനത്തിൽ സേവനം അനുഷ്ടിക്കുന്നു. ഗ്രാമീണ മേഖലയിൽ പുത്തനുണർവു പകർന്നു കൊണ്ട്, മറ്റു സന്നദ്ധ സംഘടനകളും സർക്കാർ ഏജൻസികളുമായി സഹകരിച്ചുകൊണ്ട്, മക്കോഡിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. മക്കോഡിയയിൽ പുതിയ മിഷൻ പരിശീലന കേന്ദ്രം തുടങ്ങാനും പദ്ധതിയുണ്ട്.

*ഉത്തരേന്ത്യയിൽ സഭയുടെ സാധ്യതകളും വെല്ലുവിളികളും എന്താണ്?*

'വയൽ' ഒരുങ്ങിക്കിടക്കുകയാണ്. 'കൊയ്ത്തുകാർ' ഇല്ലാതെ പോകുന്നു എന്നതാണ് പ്രശ്നം. മതപരിവർത്തനം നടത്തുന്നതിനു വേണ്ടിയുള്ള മിഷൻ പ്രവർത്തനമാണ് പ്രശ്നങ്ങൾ നേരിടുന്നത്. സമൂഹ നന്മ ലക്ഷ്യമാക്കുന്ന, ക്രിസ്തുവിനെ സാക്ഷിക്കുന്ന മിഷൻ പ്രവർത്തനം അതാണ് നമ്മൾ നടത്തേണ്ടത്.

പല പെന്തക്കോസ്തൽ പ്രസിദ്ധീകരണങ്ങളിലും വരുന്ന ഉത്തരേന്ത്യൻ മിഷനെപ്പറ്റിയുള്ള റിപ്പോർട്ടുകൾ ശുദ്ധ

*ശേഷം 34-ാം പേജിൽ*

അന്ത്യോഖ്യാ നുകത്തിൽ നിന്ന് അന്നു തന്നെ രക്ഷപെടാൻ സാധിക്കുമായിരുന്നിരിക്കാം. മറുവശത്ത് പാശ്ചാത്യ നവീകരണസഭകളുടെ വിശ്വാസാചാരങ്ങളോട് കൂടുതൽ ആഭിമുഖ്യം ഉള്ള ഒരു സഭയായിത്തീരുമായിരുന്നു. ഇതൊക്കെ 'പക്ഷേ'കളാണ്.

കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ്, ഓർത്തഡോക്സ് കുടുംബങ്ങളിൽ ഓർത്തഡോക്സ് വിഭാഗത്തിലെ ഓറിയന്റൽ സഭകളുടെ ദൈവശാസ്ത്ര വീക്ഷണമാണ് നമുക്കുള്ളതെന്ന ഇപ്പോഴത്തെ നമ്മുടെ സ്വത്വം (identity) കണ്ടെത്തുന്നതിൽ മാവേലിക്കര സുന്നഹദോസ് അഥവാ പടിയോല നിർണ്ണായകമായ ഒരു സ്ഥാനം വഹിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ വിശ്വാസപരമായ നിലപാടിനെക്കുറിച്ച് തീരുമാനിക്കാൻ മലങ്കര സഭയിൽ കൂടിയിട്ടുള്ള ഏക സുന്നഹദോസായി മാവേലിക്കര പടിയോലയെ വിശേഷിപ്പിക്കുന്നതിലും തെറ്റുണ്ടെന്ന് തോന്നുന്നില്ല.

വിശ്വാസം ഉറപ്പിക്കുന്നതിൽ ഇത്രയും സുധീരമായ നേതൃത്വം നൽകിയെങ്കിലും മാവേലിക്കര പടിയോലയിൽ അന്ത്യോഖ്യൻ പാത്രിയർക്കീസിന് നൽകിയ ആവശ്യമില്ലാത്ത അധീശത്വം ചേപ്പാടു തിരുമേനിയുടെ യശോധാവള്യത്തിനു കളങ്കമേൽപ്പിച്ചു. വി. കുർബ്ബാനാ സംസർഗ്ഗമുള്ള, അനേകം വിശുദ്ധ പിതാക്കന്മാർ ശുശ്രൂഷിച്ചിട്ടുള്ള പുരാതന അന്ത്യോഖ്യൻ സിംഹാസനത്തിൽ നിന്ന് മാർതോമ്മാ ശ്ലീഹായുടെ പട്ടത്വനിഷേധം പോലുമുള്ള വേദവിപരീതം പിൽക്കാലത്തുണ്ടാവുമെന്ന് ചേപ്പാടു തിരുമേനി സ്വപ്നം കണ്ടിരിക്കുകയില്ല. തന്നെയുമല്ല സത്യവിശ്വാസം സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ കണ്ടുപിടിച്ച സുരക്ഷിത മാർഗ്ഗവുമായിരുന്നു അന്ന് അന്ത്യോഖ്യൻ പാത്രിയർക്കീസിന് വിധേയത്വം കൽപിച്ചത്. 1825 ൽ ഇവിടെ വന്ന അന്ത്യോഖ്യൻ പ്രതിനിധിയെ തിരിച്ചയയ്ക്കാൻ ചേപ്പാടു തിരുമേനി നന്നായി പരിശ്രമിച്ചു. അതിൽ വിജയിക്കുകയും ചെയ്തു. കൂടാതെ, അദ്ദേഹമെഴുതിയ പല കൽപ്പനകളിലും "മാർതോമ്മാ സ്ലീഹായുടെ സിംഹാസനത്തിൽ വാഴുന്ന ഫീലിപ്പോസ് ദീവന്നാസ്യോസ് എന്ന തലക്കെട്ട് അർത്ഥശങ്കയ്ക്കിടയില്ലാതെ അദ്ദേഹം ഉപയോഗിച്ചിട്ടുമുണ്ട്. ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ അദ്ദേഹത്തിൽ യാതൊരു അന്ത്യോഖ്യൻ പക്ഷപാതവും ആരോപിക്കാനാവില്ല."

## ബൈബിൾ കടങ്കഥകൾ

**പി.വി. വർഗ്ഗീസ്, കരയാംപറമ്പ്**

ആറിൽ കൂടുതൽ മുഴവും പൊക്കമെഴുന്നൊരു മല്ലനെയ-
ന്നെറിഞ്ഞൊരു കവിണക്കല്ലാലൊരുവൻ കൊന്നു കളഞ്ഞല്ലോ!
ഇക്കൊല കൊണ്ടൊരു സൈന്യം മുഴുവൻ തോറ്റു കൊടുത്തല്ലൊ
പൊക്കം മാത്രം പോരാ ജയിപ്പാൻ ദൈവം തുണ വേണം
പറയാമോയീ മല്ലനതാര്? തോല്പിച്ചവനാര്?
അറിയാൻ നോക്കണമൊന്നാം ശമുവേൽ പതിനേഴൊന്നു മുതൽ

കൊടിയൊരു ക്ഷാമമെഴുന്നൊരു നാട്ടിൽ പെട്ടെന്നൊരു രാവിൽ
ലോട്ടറി കിട്ടിയ പോലെ ലഭിച്ചു ഭക്ഷ്യ പദാർത്ഥങ്ങൾ!
കുന്നുകണക്കിനു ധാന്യച്ചാക്കുകൾ കോതമ്പും യവവും
അന്നൊരു നിബിയുടെ പ്രവചനമതുപോൽ തന്നെ ലഭിച്ചല്ലോ!
പറയുക നിബിയും രാജ്യവുമേത്? ധാന്യമിതാരുടെയാം?
അറിയണമെങ്കിൽ രണ്ടാം രാജാ വേഴിൽ നോക്കിടുവിൻ.

സത്യവിശ്വാസം നിലനിർത്താൻ കഷ്ടപ്പെട്ട പിതാവ് 1850-ൽ സ്ഥാനം ഒഴിഞ്ഞ് 5 വർഷത്തോളം വിശ്രമജീവിതം നയിച്ച് 1855-ൽ കാലം ചെയ്തു. ചേപ്പാട്ടു പള്ളിയിൽ കബറടങ്ങി. അദ്ദേഹത്തിന്റെ ജന്മസ്ഥലമായ പള്ളിപ്പാട്ടും, കബറടങ്ങിയ ചേപ്പാട്ടും എല്ലാ വർഷവും ഒക്ടോബർ 10, 11, 12 എന്നീ തീയതികളിലായി യഥാക്രമം പെരുനാൾ കൊണ്ടാടുന്നു. ഈ പിതാവിന്റെ സ്മരണയെ നിലനിർത്താൻ ചേപ്പാടു പള്ളിയുടെ ആഭിമുഖ്യത്തിൽ ഒരു പ്രൈമറി സ്ക്കൂളും ചാരിറ്റബിൾ സൊസൈറ്റിയും പ്രവർത്തിച്ചു വരുന്നു. സഭയായി അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്താൻ കാര്യമായി ഒന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ നേതൃത്വത്തിലും അന്നത്തെ നിരണം ഭദ്രാസന പശ്ചിമ മേഖലയിലെ 15 പള്ളികളുടെ സഹകരണത്തിലും ചേപ്പാട് മാർ ഡയനീഷ്യസ് ഫൗണ്ടേഷൻ രജിസ്റ്റർ ചെയ്ത് ആരംഭിക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ ഒരു വൃദ്ധ ഭവൻ തുടങ്ങുകയും ചെയ്തിട്ട് ഏകദേശം 10 വർഷങ്ങളായി. ആറു സ്ത്രീകളും, ആറു പുരുഷന്മാരും ഇപ്പോൾ അവിടെ താമസിക്കുന്നു. വിവിധ മതസ്ഥരായ ഇവർ തികച്ചും നിരാലംബമായ സാഹചര്യത്തിൽ നിന്ന് ഇവിടെയെത്തിയിട്ടുള്ളവരാണ്. അവരുടെ മുഴുവൻ ചെലവുകളും സ്ഥാപനം തന്നെയാണ് വഹിക്കുന്നത്. കാൽ നൂറ്റാണ്ടു കാലം (1825–1850) മലങ്കര മെത്രാപ്പോലീത്തായായി സഭയെ ശുശ്രൂഷിച്ച ഈ പിതാവിന്റെ ഓർമ്മ പെരുന്നാൾ കൊണ്ടാടുന്ന ഈ സമയത്ത് അദ്ദേഹത്തെ ഓർക്കുകയും, അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്തുവാൻ തുടങ്ങിയ ഈ വൃദ്ധഭവനത്തെ സഹായിക്കുകയും ചെയ്യുവാൻ മലങ്കര സഭാ മക്കൾക്കു കടമയുണ്ട്. മാവേലിക്കര സുന്നഹദോസ് വിളിച്ചു കൂട്ടിയ ചേപ്പാടു തിരുമേനിയുടെ കബറിടപള്ളിയും, മാവേലിക്കരയും ഇന്ന് മാവേലിക്കര ഭദ്രാസനത്തിലായി എന്നതും ദൈവ നിയോഗമായിരുന്നിരിക്കാം. അഭിവന്ദ്യ പൗലൂസ് മാർ പക്കോമിയോസ് തിരുമേനിയാണ് ഇപ്പോൾ ഭദ്രാസനത്തിനും മാർ ദീവന്നാസ്യോസ് ഫൗണ്ടേഷനും വൃദ്ധഭവനുമൊക്കെ നേതൃത്വം നൽകുന്നത്. ചേപ്പാടു തിരുമേനിയിൽ ആരോപിക്കപ്പെടുന്ന അന്ത്യോഖ്യൻ നുകം അഴിച്ചു മാറ്റുവാൻ കാര്യമായ യാതൊരു പരിശ്രമങ്ങൾ ഇന്നും കാണപ്പെടുന്നില്ലാ എന്നതും ഖേദകരമായ ഒരു വസ്തുതയായി അവശേഷിക്കുന്നു.





# ഞായർദിന ചിന്തകൾ

**ഫാ. പി. എം. സഖറിയ, പള്ളിക്കപ്പറമ്പിൽ**

**ഒക്ടോബർ 12**
**സ്ലീബാ പെരുന്നാളിനു ശേഷം നാലാം ഞായർ**
**മർ. 10:10–16, സങ്കീ. 42, 1 കോരി. 1:21–29**

ദൈവരാജ്യ പ്രവർത്തനത്തിൽ പങ്കാളികളാകുന്നതിനാണ് യേശു ശിഷ്യന്മാരേയും അറിയിപ്പുകാരേയും തെരഞ്ഞെടുത്തു നിയോഗിച്ചത്. എന്നാൽ ഈ നിയോഗത്തിന്റെ ഗൗരവം വേണ്ടുംവിധം ഗ്രഹിപ്പാൻ ശിഷ്യന്മാർക്കു കഴിഞ്ഞില്ല. ലോകം മുഴുവൻ നേടാനുള്ള ദൗത്യവുമായി പുറപ്പെട്ടെങ്കിലും ആരെ എങ്ങനെ നേടണമെന്നത് സംബന്ധിച്ച് യാതൊരു വ്യക്തതയും ശിഷ്യന്മാർക്കില്ലായിരുന്നു. ശിശുക്കളെ യേശുവിന്റെ അടുക്കൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്ന മാതാക്കളെ ശിഷ്യന്മാർ ശകാരിച്ചും നിരുത്സാഹപ്പെടുത്തിയും തടസം സൃഷ്ടിക്കുന്നു. ഇതാണ് ഇന്നത്തെ വായനയിലെ മുഖ്യ പ്രമേയം.

ചില തെറ്റായ നിഗമനങ്ങളുമായി കുഞ്ഞുങ്ങളെ നാം കൈകാര്യം ചെയ്യുമ്പോൾ പുതിയ തലമുറയെ നാം അവഗണിക്കുകയാണ്. ഈ അവഗണന ജീവിത നിഷേധമായി തിരിച്ചടിക്കപ്പെടും. മാതാപിതാക്കളിലും, അദ്ധ്യാപകരിലും മാതൃക പരതുന്ന കുഞ്ഞുങ്ങൾ അവിടങ്ങളിലൊന്നും അതു കണ്ടെത്താതെ കുഴങ്ങുന്നു. സത്യം കുട്ടി അറിഞ്ഞാൽ അപകടമുണ്ട് എന്നതിനാൽ മുതിർന്നവർ കാര്യങ്ങൾ ഒളിച്ചു വെക്കാൻ ശ്രമിക്കുന്നു. ഇത്തരം ഒഴിവാക്കലും ഒളിച്ചുവെക്കലും കുഞ്ഞുങ്ങളിൽ സൃഷ്ടിക്കുന്ന വൈകാരികമായ മരവിപ്പും ആളത്ത വൈകല്യവും നാം കണ്ടില്ലെന്ന് നടിക്കരുത്. ഇന്നത്തെ കുഞ്ഞുങ്ങൾ അറിവിന്റെ കാര്യത്തിൽ ഏറെ മുമ്പിലാണെന്നത് മറക്കാതിരിക്കുക. മുട്ടുകാലിൽ നീന്തുന്ന കാലം മുതൽ ടെലിവിഷൻ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന ചിത്രങ്ങളിൽ നിന്നും ആവാഹിച്ചെടുക്കുന്ന പരസ്പര ബന്ധമില്ലാത്ത അറിവുകളുടെ കൂമ്പാരമാണ് ഓരോ കുഞ്ഞും. ലോകം ഒന്നാകെ ഡ്രോയിംഗ് റൂമിലേക്ക് അടിച്ചു കയറി വരുമ്പോൾ വകതിരിവോടെ വേണ്ടതിനെ സ്വീകരിക്കുകയും വേണ്ടാത്തതിനെ തിരസ്ക്കരിക്കുകയും ചെയ്യുവാനുള്ള വിവേകമില്ലാത്ത കുട്ടിക്ക് ശരിയായ ദിശ നൽകേണ്ടതുണ്ട്. ഈ ചുമതലയിൽ നിന്നും ഗുരുക്കന്മാരും മാതാപിതാക്കളും സഭയും പിന്നോക്കം പോകരുത്.

ഏവരേയും ശിഷ്യരാക്കാനുള്ള നിയോഗം നിറവേറ്റേണ്ട ശിഷ്യർ ഒരു കൂട്ടരെ യേശുവിൽ നിന്നും അകറ്റിക്കളയുന്നു. എന്താണിതിനു കാരണം? ആയിരിക്കുന്ന സാഹചര്യത്തെക്കുറിച്ചും ഏർപ്പെട്ടിരിക്കുന്ന ദൗത്യത്തെക്കുറിച്ചും പൂർണ്ണ ബോധ്യമില്ല. ദൈവരാജ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ അതിന്റെ യഥാർത്ഥ അവകാശികളെ (ശിശുക്കളെ) തിരിച്ചറിയുന്നില്ല. യഥാർത്ഥ അവകാശികൾ പുറത്തും, പൊയ്മുഖക്കാർ അകത്തും. എവിടെയും അതാണ് സ്ഥിതി. കുടുംബത്തിലും, സഭയിലും, രാഷ്ട്രീയത്തിലും, മതത്തിലും, സാമൂഹ്യരംഗങ്ങളിലും ഒക്കെ ഇത്തരം കപടതകൾ കേന്ദ്രത്തിൽ സ്ഥാനം പിടിക്കുന്നു.

ക്രൈസ്തവരായ നമുക്ക് പ്രത്യേക ഉത്തരവാദിത്വം ഉണ്ട്. ശിശുക്കളെ ആത്മാർത്ഥമായി സ്നേഹിച്ച യേശുവാണ് നമ്മുടെ കർത്താവ്. ശിശുക്കളെ ദൈവസ്നേഹത്തിന്റെയും, ദൈവകരുതലിന്റെയും പ്രത്യക്ഷ രൂപങ്ങളായിട്ടാണ് യേശു കണ്ടത്. അവർക്ക് സ്നേഹവും കരുതലും ആവോളം കൊടുക്കുന്ന ഒരു സമൂഹമായി നാം മാറണം. അവരുടെമേൽ കൈവച്ച് അനുഗ്രഹിക്കുന്ന യേശുതമ്പുരാനെ നാം ഇന്നത്തെ ഏവൻഗേലിയോനിൽ കാണുന്നു. ദൈവത്തിന്റെ ആശീർവാദം ലഭിച്ച കുട്ടികൾ നമ്മുടെ നിഷേധത്തിന് പാത്രീഭൂതരാകുന്നത് എത്ര ശാപകരമാണ്. ഓരോ കുട്ടിയും ലോകത്തിൽ സാധ്യതകളുടെ വെള്ളി വെളിച്ചമായി തീരാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കാം.

ഇന്ത്യയിൽ ഏകദേശം 110 ദശലക്ഷം കുട്ടികൾ ദാരിദ്ര്യ രേഖയ്ക്ക് താഴെ കഴിയുന്നവരാണ്. ഇവരിൽ 60 ദശലക്ഷം പേർ 10 വയസ്സിൽ താഴെയുള്ളവരാണ്. 46 ദശലക്ഷം കുട്ടികൾ ഗ്രാമങ്ങളിലും 3.8 ദശലക്ഷം പേർ ആദിവാസി മേഖലകളിലും കഴിയുന്നു. രാപകലില്ലാതെ അധ്വാനം ചെയ്തു കുടുംബത്തെപ്പോറ്റുന്ന ബഹുഭൂരിപക്ഷം കുടുംബനായകർക്കും തങ്ങളുടെ കുട്ടികളെ ശരിയായ വിധത്തിൽ പുലർത്തിയെടുക്കാൻ സാധിക്കുന്നില്ല. കൊടിയ ദാരിദ്ര്യം കുട്ടികളെ വേലയ്ക്കയയ്ക്കാൻ പലപ്പോഴും അവരെ നിർബന്ധിക്കുന്നു. ഇന്ത്യയിൽ ഇന്നും നിലനിൽക്കുന്ന കൊടിയ ദാരിദ്ര്യമാണ്, ബാലവേല നിരോധിച്ചിട്ടും തുടരുന്നതിന്റെ രഹസ്യമെന്നു തിരിച്ചറിയാൻ സാധാരണ ബുദ്ധി മതി. നമ്മുടെ ബാലികാ ബാലന്മാർക്ക് വേണ്ടത് സ്വാതന്ത്ര്യം, നിർഭയത്വം, സുരക്ഷിതത്വം, വിദ്യാഭ്യാസം, ഭക്ഷ



കഴിഞ്ഞ ഒരു വർഷത്തിലധികമായി 'ഞായർദിന ചിന്തകൾ' എഴുതിയിരിക്കുന്നത് ബഹു. പി. എം. സഖറിയ പള്ളിക്കപ്പറമ്പിലച്ചനാണ്. ഈ പംക്തിയിലുള്ള അച്ചന്റെ രചനകൾ ഈ ലക്കത്തോടെ അവസാനിക്കുന്നു. മലങ്കരസഭയുടെ വായനക്കാർക്കുവേണ്ടി ധ്യാന പംക്തി കൈകാര്യം ചെയ്തതിലുള്ള നന്ദി അറിയിക്കുന്നു.

വാകത്താനം സെന്റ് ജോൺസ് വലിയപള്ളി ഇടവകാംഗം. പുതുപ്പള്ളി നിലയ്ക്കൽ ഓർത്തഡോക്സ് പള്ളി വികാരിയായി ഇപ്പോൾ ശുശ്രൂഷ അനുഷ്ഠിക്കുന്നു. സഹധർമ്മിണി: കാട്ടൂർ മഠത്തിലേത്ത് ഫാ. വി. റ്റി. ജോസഫിന്റെ മകൾ എലിസബേത്ത്. മക്കൾ: ശൈനോ, ശേബാ.

## ഞായർദിന ചിന്തകൾ

ണം, പാർപ്പിടം, വസ്ത്രം, വളരാനും, വികസിക്കാനുമുള്ള സാഹചര്യങ്ങളുമാണ്. ദരിദ്രരായ പിഞ്ചോമനകൾക്ക് ഈ ഘടകങ്ങൾ നിഷേധിക്കപ്പെടുന്നു എന്നുള്ളത് ദുഃഖകരമാണ്. ഹോട്ടലുകളിലും, വ്യവസായ ശാലകളിലും, വീടുകളിലുമൊക്കെയായി തങ്ങളുടെ ബാല്യകാല അവസരങ്ങൾ നഷ്ടമായിപ്പോകുന്ന കുട്ടികളെ നാം ഓർക്കാറുണ്ടോ? അവരുടെ പുനരധിവാസത്തിനായി പ്രാർത്ഥനാപൂർവ്വം യത്നിക്കാം.

ശ്ലീഹാ വായനയായ 1 കോരി 1: 21–29 വരെയുള്ള ഭാഗങ്ങൾ കൂടി നോക്കുക. വിശ്വാസത്തിലും, വിനയത്തിലും സ്വയം നൽകിയവരെയാണ് ദൈവം തെരഞ്ഞെടുത്തതും അവർക്കാണ് ക്രിസ്തുവിന്റെ ക്രൂശിൽ വെളിപ്പെട്ട ദൈവിക സ്നേഹവും, ജ്ഞാനവും നൽകപ്പെട്ടതും. ക്രൂശിലൂടെ ദൈവം ലോകത്തെ വീണ്ടെടുത്തിരിക്കുന്നു എന്ന സുവിശേഷ സത്യം യഹൂദന്റെ ദേശീയ വാദത്തേയും, യവനന്റെ യുക്തി ചിന്തയേയും അമ്പരപ്പിച്ചു. യഹൂദൻ ദൈവത്തിന്റെ അതിശക്തവും, അത്ഭുതകരവുമായ ഇടപെടലുകളെ പ്രതീക്ഷിച്ചപ്പോൾ യവനൻ ലോകത്തിന്റെ പ്രശ്നങ്ങൾക്ക് താത്വികമായ വിശദീകരണമാണ് പ്രതീക്ഷിച്ചത്. എന്നാൽ വിളിക്കപ്പെട്ടവർക്ക് വിശ്വാസത്തിൽ സ്വയം ദൈവമുമ്പാകെ അർപ്പിക്കുന്നവർക്ക് ക്രൂശ് ഒരു പുതിയ ശക്തിയും ഉൾക്കാഴ്ചയുമാണ്. കാരണം, ദൈവശക്തിയും ജ്ഞാനവും സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വ്യത്യസ്തങ്ങളാണ്.

ക്രൂശിന്റെ സ്നേഹം കാണുമ്പോഴാണ് ദൈവരാജ്യത്തിലേക്ക് വരുവാൻ ഓരോ മനുഷ്യനും പ്രചോദിതനാവുന്നത്. അതുകൊണ്ടാണ് ഈ ബലഹീനത ദൈവം തെരഞ്ഞെടുത്തതും. ദൈവസ്നേഹത്തിന്റെ ശക്തിയാണ് ക്രൂശിലൂടെ വെളിപ്പെട്ടത്. ഈ സ്നേഹമത്രെ ദൈവപരിജ്ഞാനത്തിന്റെ ഏറ്റവും ഉന്നതമായ ആവിഷ്ക്കാരം. ലോകത്തിൽ ഒന്നുമല്ലാത്തവരെ തെരഞ്ഞെടുത്തതുവഴി തങ്ങൾ എന്തൊക്കെയോ ആണ് എന്നു ധരിച്ചിരുന്നവരുടെ ധാരണകളെ ദൈവം നശിപ്പിച്ചു. വിളിക്കും, തെരഞ്ഞെടുപ്പിനും ദൈവം സ്വീകരിക്കുന്നത് ലോകത്തിന്റെ മാനദണ്ഡങ്ങളല്ല, മനുഷ്യന്റെ നേട്ടങ്ങളുമല്ല, ദൈവകൃപയാണ് വിളിയുടെ അടിസ്ഥാനം.

### ഒക്ടോബർ 19
### സ്ലീബായ്ക്കു ശേഷം അഞ്ചാം ഞായർ
വി. മത്താ. 22:34–44

സങ്കീ. 46, നടപ്പുകൾ: 22:22–29

യേശു തമ്പുരാൻ സാദൂക്യരെ ഉത്തരം മുട്ടിച്ചു എന്നു കേട്ടപ്പോൾ പരീശന്മാർക്കത് സന്തോഷകരമായി തോന്നിയിരിക്കാം. എങ്കിലും യേശുവിന്റെ പാണ്ഡിത്യം പരീക്ഷിക്കാനായിരിക്കാം നിയമപണ്ഡിതൻ ചോദ്യമുന്നയിക്കുന്നത്. മതഭക്തിയും രാഷ്ട്രീയവും ഉപയോഗിച്ച് യേശുവിനെ വീഴ്ത്താനുള്ള മുൻശ്രമം പരാജയപ്പെട്ടു. ഇപ്പോൾ പുതിയ അടവാണ് പ്രയോഗിക്കുന്നത്. മതവിഷയം മാത്രം ആയുധമാക്കുന്നു. ഏതു മാർഗ്ഗത്തിലൂടെയും യേശുവിനെ അപകീർത്തിപ്പെടുത്താനും ഇല്ലായ്മ ചെയ്യാനും പരീശ സമൂഹം വ്യഗ്രത കാണിക്കുന്നു. കൽപ്പനകളിൽ ഏറ്റവും വലിയതും ശ്രേഷ്ഠമായതും ഏതെന്നതിനെപ്പറ്റി യഹൂദന്മാരുടെ ഇടയിൽ തർക്കമുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഈ ചോദ്യം മനസിലാക്കേണ്ടത്.

> ക്രൂശിന്റെ സ്നേഹം കാണുമ്പോഴാണ് ദൈവരാജ്യത്തിലേക്ക് വരുവാൻ ഓരോ മനുഷ്യനും പ്രചോദിതനാവുന്നത്. അതുകൊണ്ടാണ് ഈ ബലഹീനത ദൈവം തെരഞ്ഞെടുത്തതും. ദൈവസ്നേഹത്തിന്റെ ശക്തിയാണ് ക്രൂശിലൂടെ വെളിപ്പെട്ടത്. ഈ സ്നേഹമത്രെ ദൈവപരിജ്ഞാനത്തിന്റെ ഏറ്റവും ഉന്നതമായ ആവിഷ്ക്കാരം. ലോകത്തിൽ ഒന്നുമല്ലാത്തവരെ തെരഞ്ഞെടുത്തതുവഴി തങ്ങൾ എന്തൊക്കെയോ ആണ് എന്നു ധരിച്ചിരുന്നവരുടെ ധാരണകളെ ദൈവം നശിപ്പിച്ചു. വിളിക്കും, തെരഞ്ഞെടുപ്പിനും ദൈവം സ്വീകരിക്കുന്നത് ലോകത്തിന്റെ മാനദണ്ഡങ്ങളല്ല, മനുഷ്യന്റെ നേട്ടങ്ങളുമല്ല, ദൈവകൃപയാണ് വിളിയുടെ അടിസ്ഥാനം.

യാതൊരു മടിയും കൂടാതെ യേശു ഉത്തരം നൽകുന്നു. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. ഭക്തിയുള്ള യഹൂദന്മാർ ദിവസേന രണ്ടുപ്രാവശ്യം എങ്കിലും ഉരുവിട്ടുകൊണ്ടിരുന്നതാണീ വാക്യം. ഹൃദയവും, ആത്മാവും, മനസ്സും മനുഷ്യാളത്തത്തിന്റെ എല്ലാ തലങ്ങളേയും ഉൾക്കൊള്ളുന്നു. ദൈവത്തോടുള്ള, ആഴവും അചഞ്ചലവുമായ സ്നേഹമാണ് ഇവിടെ ആവശ്യപ്പെടുന്നത്. യേശു യഹൂദ ചിന്തയിൽ ഏറ്റവും ഉദാത്തമായ ഉത്തരം നൽകി. ദൈവത്തിന് സർവ്വോന്നത സ്ഥാനം കൊടുത്തു. വിവിധ ആശയങ്ങൾ പ്രചരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ മുൻഗണനകൾ പുനരാവിഷ്കരിക്കുമ്പോൾ ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുന്നതിൽ വീഴ്ച വന്നുകൂടാ.

യേശു ഈ കൽപ്പനയോടൊപ്പം ലേവ്യ 19:18 കൂടി ചേർക്കുന്നു. ഇതാദ്യത്തെ കൽപ്പനയോട് തുല്യ പ്രാധാന്യമുള്ളതാണ്. നിന്നെപ്പോലെ നിന്റെ കൂട്ടുകാരനേയും സ്നേഹിക്കുക. ദൈവത്തോടുള്ള സ്നേഹം മനുഷ്യ ബന്ധങ്ങളിലൂടെ വെളിവാക്കപ്പെടേണ്ടതാണ്. കൂട്ടുകാരൻ എന്ന പദം പഴയ നിയമ പരിധിയിൽ മറ്റൊരു യൂഹദനെ കുറിക്കുന്നു. എന്നാൽ യേശു തമ്പുരാൻ 'സഖി' എന്നുള്ള പദത്തിന് അർത്ഥ വ്യാപ്തി നൽകുന്നു. നല്ല ശമര്യാക്കാരന്റെ ഉപമയിലൂടെ (ലൂക്കോ. 10:29–37) കൂട്ടുകാരൻ ആർ എന്നുള്ള ചോദ്യത്തിന് യേശു തമ്പുരാൻ ഉത്തരം നൽകുന്നു. യഹൂദ പാരമ്പര്യങ്ങളിൽ സുപ്രധാനമായിരുന്ന കൽപ്പനകളോട് യേശു. മനുഷ്യ ബന്ധങ്ങളിൽ നിലനിർത്തേണ്ട സ്നേഹത്തെക്കൂടി ബന്ധിപ്പിക്കുന്നു. കാരണം പ്രവാചകന്മാരും, ന്യായപ്രമാണവും ഇതിലടങ്ങിയിരിക്കുന്നു.

ദൈവസ്നേഹത്തിന്റെ വെളിച്ചത്തിൽ അയൽക്കാരനുമായുള്ള ബന്ധങ്ങൾ വിലയിരുത്തണം; കടപ്പാടുകൾ നിറവേറ്റണം, ദൈവസ്നേഹത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടുകാരനെ കണ്ടെത്താൻ കഴിയണം. പര സ്നേഹമില്ലാത്ത ദൈവ സ്നേഹം വ്യാജവും അർത്ഥരഹിതവുമാണ്. യേശുതമ്പുരാൻ ക്രൂശിലൂടെ വെളിപ്പെടുത്തിയത് ആഴമായ ദൈവ്സനേഹത്തിന്റെയും, മനുഷ്യ സ്നേഹത്തിന്റെയും പ്രകടനമാണ്. ഓരോ ക്രിസ്തു ശിഷ്യനും അനുവർത്തിക്കേണ്ട ജീവിത ശൈലിയും ഇതു തന്നെയാണ്.

പഴയനിയമ വായനയിലൊന്നായ 46–ാം സങ്കീർത്തനം 'വിശ്വാസത്തിന്റെ സർവ്വോത്തമഗീതം' തന്നെയാണ്. പ്രധാനമായും 3 ഭാഗങ്ങളായി ഇതിനെ തിരിക്കാം (a) സനാതനനായ ദൈവത്തിൽ സമ്പൂർണ്ണ സുരക്ഷിതത്വം (b) ദുർഗ്ഗവും സങ്കേതവുമായ ദൈവം. (3) നന്മ പുനഃസ്ഥാപിക്കുന്ന ദൈവം. പ്രപഞ്ചത്തിൽ സംഭവിക്കുന്ന എല്ലാ ഇളക്കപ്പെരുക്കങ്ങളിലും സർവ്വ ആകസ്മിക വിപത്തുകളിലും യുഗാന്ത്യത്തിൽ ഭൂമിക്കുണ്ടാകും എന്നു പ്രതീക്ഷിക്കപ്പെടുന്ന എല്ലാ മഹാ ക്ഷോഭങ്ങളിലും സ്വജനത്തിനു വിശ്വസ്ത സങ്കേതവും, രക്ഷാദുർഗ്ഗവും ദൈവം മാത്രം. മത രാഷ്ട്രീയ രംഗങ്ങളിൽ നേരിടുന്ന തകിടം മറിച്ചിലുകൾ നമ്മുടെ വിശ്വാസ പ്രമാണങ്ങളെ പിടിച്ചുലയ്ക്കുകയും, ജീവനു തന്നെ ഭീഷണിയായി ഭവിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ദുർഗ്ഗമായ ദൈവത്തോടു ചേർന്ന് തിന്മയെ നേരിടുവാൻ നമുക്കു സാധിക്കുന്നുണ്ടോ?.. തിന്മയും അരക്ഷിതത്വവും ഒരുമിച്ച് ശീഘ്രഗതിയിൽ സഞ്ചരിക്കുന്നവയാണ്. അതിന്റെ അവസാനം മരണവുമാണ്. എന്നാൽ നന്മയും സുരക്ഷിതത്വവും മന്ദഗതിയിലാണ് സഞ്ചരിക്കുന്നത് എങ്കിലും അതിന്റെ അവസാനം ജീവനത്രെ. ദൈവത്തെ സംരക്ഷകനായി മാത്രമല്ല, തിന്മയെ നേരിട്ട് നന്മ സ്ഥാപിക്കുന്നതായി കാണുവാനും, ആ പോരാട്ടത്തിൽ പ്രാണത്യാഗത്തോളം എതിർത്തു നിൽപ്പാനും നമുക്കു കഴിയണം.

വടക്കു വശത്തെ ശ്ലീഹാ വായനക്കൂടി ചിന്തിക്കാം. ആദി മുതൽ പൗലോസിന്റെ പ്രസംഗം ശ്രദ്ധിച്ചുകൊണ്ടിരുന്ന യൂഹുദർ, ദൈവം പൗലോസിനെ ജാതികളുടെ അടുക്കലേക്ക് നിയോഗിച്ചിരിക്കുന്നു എന്ന പ്രസ്താവന കേട്ടപ്പോൾ കോപപരവശരായി. യഹൂദ മതത്തിലേക്കുള്ള പരിവർത്തനം കൂടാതെ ജാതികൾക്ക് രക്ഷയുടെ സന്ദേശം നേരിട്ട് ലഭ്യമാണ് എന്ന പ്രസ്താവന ദൈവദൂഷണത്തിനു തുല്യമായ കുറ്റമായി യഹൂദർ പരിഗണിച്ചു. അവരുടെ അമർഷം ശബ്ദത്തിൽ കൂടിയും, ക്രിയകളിൽ കൂടിയും പ്രകടമാക്കി. എബ്രായ ഭാഷയിലുള്ള പൗലോസിന്റെ പ്രസംഗവും കലഹകാരണവും മനസിലാക്കുവാൻ കഴിയാതെ പോയ സഹസ്രാധിപൻ പൗലോസിനെ ചമ്മട്ടികൊണ്ടടിച്ച് ചോദ്യം ചെയ്യുവാൻ ഭവിച്ചു. റോമാ പൗരന്മാരെ ഭേദ്യം ചെയ്തു ചോദ്യം ചെയ്തു കൂടാ എന്ന നിയമം അറിയാമായിരുന്ന പൗലോസ് തന്റെ റോമാ പൗരത്വം വെളിപ്പെടുത്തി മർദ്ദനത്തിൽ നിന്നും രക്ഷ നേടുന്നു. റോമാ പൗരത്വം നൽകുന്ന സംരക്ഷണവും, രക്ഷയും ഇവിടെ ശ്രദ്ധേയമാണ്. റോമാ പൗരത്വവും, ദൈവരാജ്യ പൗരത്വവും തമ്മിലുള്ള സാധർമ്മ്യവും, വൈരുദ്ധ്യവും വളരെയാണ്. വളരെയധികം ഭൗതിക അവകാശങ്ങളും പദവികളും നൽകിയിരുന്ന റോമാപൗരത്വത്തെക്കാൾ ആത്യന്തികമായി ഉന്നതവും, കൂടുതൽ സുരക്ഷിതത്വവും സംരക്ഷണവും നൽകുന്നതും, ലളിതമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതുമാണ് ദൈവരാജ്യ പൗരത്വം. റോമാ പൗരത്വം വില കൊടുത്തു വാങ്ങാവുന്നതാണെങ്കിൽ ദൈവരാജ്യ പൗരത്വം പൂർണ്ണമായും ദാനമാണ്. റോമാ പൗരത്വം ജഡിക ജനനത്താൽ ലഭ്യമെങ്കിൽ ദൈവരാജ്യ പൗരത്വം ആദ്ധ്യാത്മിക ജനനത്താൽ ലഭ്യമാണ്. ദൈവത്തേയും, സഖികളേയും സ്നേഹിച്ച്, പ്രപഞ്ചത്തിന്മേലുള്ള ദൈവത്തിന്റെ സർവ്വാധിപത്യത്തെ അംഗീകരിച്ച് ദൈവരാജ്യ പൗരന്മാരായി നമുക്ക് ഉത്തമരായി ജീവിക്കാം.

### ഒക്ടോബർ 26
### സ്ലീബായ്ക്കു ശേഷം ആറാം ഞായർ
മത്തായി 19: 13–26, മർക്കോ. 10: 17–27

1 കോരി. 5:6–13

ശിശുക്കളുടെ പ്രാധാന്യത്തെക്കുറിച്ച് യേശു തമ്പുരാൻ ഇവിടെ പഠിപ്പിക്കുന്നു. അവർ സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാണ്. അവർക്കു താൻ സ്വർഗ്ഗരാജ്യത്തിന്റെ അനുഗ്രഹങ്ങൾ നൽകുന്നു.

## ഞായർദിന ചിന്തകൾ

സ്വർഗ്ഗരാജ്യം എന്നത് ഒരു സ്ഥലം എന്നതിലുപരി ഒരു അനുഭവമാണ്. ലജ്ജ, കാപട്യം, ഭയം എന്നിവ കൂടാതെ ദൈവത്തെ പിതാവ് എന്നു വിളിക്കാൻ കഴിയുന്ന ഒരു അവസ്ഥയാണിത്. യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ അനുഗ്രഹങ്ങളാണിവ. ശിശുക്കൾക്ക് ഈ അനുഗ്രഹം ജന്മനാ ദൈവം നൽകിയിരിക്കുന്നു. എന്നാൽ നാം വളർന്ന് വലുതാകുന്തോറും ദൈവത്തിൽ നിന്ന് അകലാനുള്ള പ്രവണതയും വർദ്ധിക്കുന്നു. ഇതാണു മനുഷ്യ വർഗ്ഗത്തിന്റെ ഏറ്റവും വലിയ ദുരന്തം. സ്വാർത്ഥത വർദ്ധിക്കുംതോറും സ്വാതന്ത്ര്യം നഷ്ടപ്പെടുകയും ചെയ്യും.

മേൽപ്പറഞ്ഞിരിക്കുന്ന രണ്ടു സുവിശേഷ ഭാഗങ്ങളിലും പൊതുവായി ഉള്ളതാണ് നിത്യജീവനെ തേടുന്ന ധനിക യുവാവിന്റെ കഥ. നിത്യ ജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണമെന്ന അന്വേഷണവുമായാണ് അയാൾ യേശുവിനെ സമീപിക്കുന്നത്. ഉത്സാഹവും ആവേശവും അയാൾക്കുണ്ടായിരുന്നു. സമ്പത്തിന്റെ പിൻബലവും കൽപ്പനകളുടെ ആചരണത്തിലെ സ്വയനീതിയും അയാളുടെ പ്രത്യേകതകളാണ്. മുഖസ്തുതി വാക്കുകൾ കൊണ്ടോ, സ്വന്തപ്രവൃത്തി കൊണ്ടോ സമ്പത്തുകൊണ്ടോ ദൈവരാജ്യം അവകാശമാക്കുവാൻ പറ്റില്ല എന്നൊരു കാര്യം യേശു തമ്പുരാൻ അയാൾക്ക് വ്യക്തമാക്കി കൊടുക്കുന്നു. അതു ദൈവത്തിന്റെ ദാനമാണ്. എങ്കിലും ഈ യുവാവിലെ സാദ്ധ്യതകൾ കണ്ട യേശു തമ്പുരാൻ അയാളെ സ്നേഹിച്ചു. തന്റെ ശിഷ്യത്വത്തിലേക്ക് അയാളെ ക്ഷണിച്ചു. അയാളുടെ ആത്മാർത്ഥത, അന്വേഷണം, സാഹസികത, കഴിവ് ഇവ ശിഷ്യത്വത്തിന് യോജിച്ചതാണ്. എന്നാൽ യേശു അവനിലെ കുറവ് പരിഹരിക്കാൻ ഉപദേശിച്ചു. കാരണം, അയാൾ സ്വയ സ്നേഹത്തിലും, സ്വയ നീതീകരണത്തിലും, സമ്പത്തിന്റെ വ്യാജ സുരക്ഷിത വലയത്തിലും അകപ്പെട്ടിരുന്നു. ഇതിൽ നിന്നും വിമോചിതനാകുക, പിന്നെ വന്ന് എന്നെ അനുഗമിക്ക എന്നാണ് യേശു

തിരുവല്ല
സി.എസ്.എസ്. ബുക്ക്ഷോപ്പിന്റെ
ആഭിമുഖ്യത്തിൽ

**സാഹിത്യവാരവും**
**പുസ്തകോത്സവവും**

**2003 നവംബർ 1 മുതൽ 15 വരെ**

ഗ്രന്ഥങ്ങൾക്ക്
50% വരെ
ഡിസ്കൗണ്ട്

ക്രൈസ്തവ പ്രസാധകരെ കൂടാതെ, ഡി. സി. ബുക്സ്, കറന്റ് ബുക്സ്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മൾബറി, എൻ.ബി.എസ്., ഫേബിയൻ, പൂർണ, ഹരിതം, അൽമണ്ട് തുടങ്ങിയ പ്രസാധകരുടെ അനേകം ഗ്രന്ഥങ്ങൾ.

കൂടാതെ പൊതുവിജ്ഞാന ഗ്രന്ഥങ്ങൾ, സെൽഫ് ഇംപ്രൂവ്മെന്റ് ഗ്രന്ഥങ്ങൾ, ഡിക്ഷണറികൾ, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ബഹുവർണ ചിത്രകഥകൾ, ബൈബിൾ കലണ്ടർ, വാക്യബോർഡുകൾ, ചിത്രങ്ങൾ, സ്റ്റിക്കറുകൾ, ഗ്രീറ്റിംഗ്സ് കാർഡുകൾ, ക്രൈസ്തവ ഓഡിയോ, വീഡിയോ കാസറ്റുകൾ, സി. ഡി. കൾ എന്നിവയും

സി.എസ്.എസ്. ബുക്ക്ഷോപ്പ്
കുരിശുകവല – തിരുവല്ല – 1; ഫോൺ: 0469 – 2630389, 2634936
E-mail:- cssbooks@sancharnet.in


was paralysed for thirty-eight years at the Pool of Bethesda. When the Lord healed me, He ordered me not to return to sin lest I be afflicted with worse. But I have now fallen into greater sin. Please pray for me and ask the Virgin Lady to have compassion on me, a sinner'. The Apostles prayed for him and, through the intercession of the Virgin Mary, he was healed. When the disciples laid down the sacred body of the Virgin in the tomb and rolled a stone over its mouth, a great light shone around them and they smelt a sweet aroma and heard a voice saying: 'Blessed are you, full of grace. The Lord is with you'. This sweet smell and angelic voices were remained for three days. On the third day the voices ceased. In a Latin version on the third day the archangel Michael rolled away the stone from Mary's sepulchre, and in the presence of the Apostles Christ called His mother, and she rose up from the grave. In Syriac and Coptic traditions St. Thomas was not present at Virgin Mary's dormition and burial. He was in India hindered from attending that sacred event by a certain reason unknown to the Apostles. The Lord again used St.Thomas, an Apostle with attitude and approach of a scientist, to reveal a new and glorious mystery about the holy Mother of God. On his return from India, a heavenly cloud carried him; he saw the Virgin's body being carried by hosts of angels who told him that was the body of the Virgin Mary who had reposed. He greatly rejoiced and invoked the Virgin to pray for him and to bless him. Suddenly St. Mary's girdle was granted as gift of consideration and it was thrown down to him. He picked it up, kissed it and kept it in safe custody, and gave glory to God.

Then the heavenly cloud alighted St. Thomas at the place were the Apostles were gathered. When he entered they asked him: 'What hindered you from coming at the time of our Lady's dormition to see the wonders and miracles that occurred through her? Truly, you have missed a great event. He replied: 'I was occupied in baptizing Princes Aclaudia, the daughter of the King of India. Now I have come and have a great desire to see the body of our Lady'. They replied: 'It is inside the tomb and it is very difficult for us to lift up the huge stone laid on the door'. He said: 'I do not believe what you are telling unless I see with my eyes'. The Apostles escorted St. Thomas to the tomb where they had laid St. Mary's body. They rolled the stone away with great difficulty and entered the tomb. They found only the winding sheet, the body was not in the grave. They were astounded and puzzled, not knowing what had happened. St. Thomas explained them what he had seen and showed them the girdle. That evening, she appeared to the Apostles, surrounded by a multitude of angels, and said to them: 'Rejoice; I will be with you always!' It is not known exactly how old the Mother of God was at the time of her dormition, but prevailing belief is that she had reached the age of sixty.

In fact, the term 'Assumption' doesn't emphasise Orthodox Ethos of the festival and the doctrine.

The Roman Catholic Church has never formally defined whether she died or not, but was taken up body and soul into heaven: hence the term Assumption. For them it is beside the point, as the doctrine is not affected. . They explain the difference between Ascension and Assumption. Christ, by-His own power, ascended into Heaven. St. Mary was assumed or taken up into Heaven by God, not under her own power. In 1950 Pope Pius XII, in an exercise of infallibility, defined the dogma of the Assumption, namely that St. Mary 'after the completion of her earthly life was assumed body and soul into the glory of Heaven'. At the Assumption she became Queen of Heaven, and the same Pope affirmed this in 1954.

The Roman Catholic Church chose the middle of the 20th century as the right time for officially defining the Assumption. The frightful material and moral destruction left behind by the Second World War and the spread of atheistic error was all too apparent. In his essays on psychology Carl Jung saw the dogma of the Assumption as coming at a time when the achievements of science and technology, combined with a rationalistic and materialistic view of the world, threatened to annihilate man's spiritual heritage. He saw this unbalanced development of science and technology as Luciferian. For Jung, the Assumption was the opposite of materialism. This polarisation of spiritual forces has more than once been compared with the apocalyptic struggle between the woman and the red dragon (Satan) in Rev. 12. In this age of materialism, the declaration of the Assumption was a psychological counter to St. Mary as a model of faith, obedience and holiness, and her special relationship with God accounts for special place in Church. Discussion about her 'place' in the realm of devotion is nonsensical: she has her inalienable place as His mother. Surely we are left with nothing to do but approach her with loving veneration-the Mother of our God Incarnate with the prayer, 'St. Mary, Mother of God, kindly pray for us for ever and ever'.

## പരുമലപ്പെരുന്നാൾ ഒക്ടോബർ 2, 3 തീയതികളിൽ

**കോട്ടയം:-** പരിശുദ്ധ പരുമല തിരുമേനിയുടെ 101-ാം ഓർമ്മപ്പെരുന്നാളിന് 26-ാം തീയതി ഞായറാഴ്ച കൊടിയേറും. തുടർന്ന് ഒരാഴ്ച തീർത്ഥാടന വാരമായി ആചരിക്കും. രണ്ടാം തീയതി ഞായർ ആയതിനാൽ പെരുനാൾ ഈ വർഷം രണ്ടും മൂന്നുമായി ആചരിക്കും.

## സെന്റ് ബേസിൽ ടീം ഡൽഹിയിൽ

**ഡൽഹി:-** പത്തനംതിട്ട സെന്റ് ബേസിൽ ഗോസ്പൽ ടീം ഡൽഹി ഹോസ്കാസ് സെന്റ് മേരീസ് കത്തീഡ്രലിൽ മൂന്നു ദിവസം (ആഗ. 12-15) നീണ്ടു നിന്ന ദൈവീകരണ ശുശ്രൂഷ നടത്തി. വികാരി ഫാ. ഷാജി മാത്യൂസ്, സഹ വികാരി നൈനാൻ വർഗീസ് തുടങ്ങിയവർ മുഖ്യ ചുമതല വഹിച്ചു.

മയൂർ വിഹാർ സെന്റ് ജോൺസ് ഇടവകയിൽ വികാരി ഫാദർ തോമസ് പുതുപ്പറമ്പിലിന്റെ ചുമതലയിലും ഗാസിയാബാദ് ഇടവകയിൽ വികാരി ഫാ. സാം പി. ജോർജിന്റെ ചുമതലയിലും ഗോസ്പൽ ടീം ശുശ്രൂഷ നടത്തി.

ഗോസ്പൽ ടീം അംഗങ്ങളായ ഫാ. ചെറിയാൻ ടി. സാമുവേൽ, ഫാ. ജിജി സാമുവേൽ, ഫാ. സജി തോമസ്, ഫാ. ടി. എ. ഇടയാടി, ഫാ. റോയി മാത്യു, ഫാ. ബിജു മാത്യു, ശ്രീ. മനോജ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## "മാർ തോമ്മാ ദീവന്നാസ്യോസ് മെമ്മോറിയൽ" മത്സരങ്ങൾ - 2003

പത്തനാപുരം മൗണ്ട് താബോർ പ്രസ്ഥാനങ്ങളുടെ സ്ഥാപകനും നിരണം ഭദ്രാസന മെത്രാപ്പോലീത്തായുമായിരുന്ന കാലം ചെയ്ത് മാർ തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പാവന സ്മരണ നിലനിർത്തുന്നതിനുവേണ്ടി വർഷം തോറും നടത്തി വരുന്ന "അഖില മലങ്കര മാർ തോമ്മാ ദീവന്നാസ്യോസ് മെമ്മോറിയൽ മത്സരങ്ങൾ" ഈ വർഷവും നവംബർ മാസം 10 മണി മുതൽ പത്തനാപുരം മൗണ്ട് താബോർ ട്രെയിനിംഗ് കോളജിൽ വച്ച് നടത്തുന്നതാണ്.

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന സൺഡേസ്കൂളുകൾ പ്രോഗ്രാം കമ്മറ്റി കൺവീനറിൽ നിന്നും (ഫാ. സ്ലീബാ കെ. ഏബ്രഹാം, മൗണ്ട് താബോർ ദയറ, പത്തനാപുരം പി.ഒ., കൊല്ലം ജില്ല-689695, ഫോൺ: 0475-2355443) ലഭിക്കുന്ന അപേക്ഷാ ഫാറം, അതോടൊപ്പം ലഭിക്കുന്ന നിബന്ധനകൾ അനുസരിച്ച്, പൂരിപ്പിച്ച് 20-11-2003 വ്യാഴാഴ്ചയ്ക്കു മുമ്പായി കൺവീനർക്ക് ലഭിക്കത്തക്കവണ്ണം ഏല്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കൺവീനറുമായി മുകളിൽ കാണുന്ന അഡ്രസ്സിൽ/ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## തിരഞ്ഞെടുത്തു



ഓർത്തഡോക്സ് യുവജന പ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റായി ഫാ. നൈനാൻ പി. കുര്യാക്കോസിനെ 13.9.03-ൽ പരുമലയിൽ കൂടിയ കേന്ദ്ര അസംബ്ലിയിൽ വച്ച് തെരഞ്ഞെടുത്തു. വടക്കമണ്ണൂർ സെന്റ് തോമസ് ഇടവകാംഗം. കോട്ടയം ഭദ്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റായിരുന്നു. ഇപ്പോൾ കങ്ങഴ സെന്റ് തോമസ് പള്ളി വികാരി.

## കനക ജൂബിലി ആഘോഷ ഉദ്ഘാടനം

കോട്ടയം ഇടവകയിൽപെട്ട തോട്ടയ്ക്കാട് സെന്റ് മേരീസ് ബേത്‌ലഹേം ഓർത്തഡോക്സ് പള്ളിയുടെ കനക ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം 2003 സെപ്റ്റംബർ 14-ാം തീയതി ഞായറാഴ്ച മലങ്കര അസോസിയേഷൻ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കൽ നിർവഹിച്ചു. അന്നേ ദിവസം പള്ളിയിൽ വച്ചു കൂടിയ യോഗത്തിൽ വികാരിയും കനക ജൂബിലി പ്രസിഡന്റുമായ വെരി റവ. മങ്ങാട്ട് എബ്രഹാം ഐപ്പ് കോർ എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷം വഹിച്ചു. ഫാ. ലൈജു മർക്കോസ്, ശ്രീ. പി. ഐ. കുര്യൻ, ശ്രീമതി വത്സമ്മ ജേക്കബ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. കൈക്കാരൻ ശ്രീ ജോൺ ജോർജ്ജ് സ്വാഗത പ്രസംഗവും കനക ജൂബിലി കമ്മറ്റി ജോ. കൺവീനർ ശ്രീ പി. റ്റി. ഐപ്പ് കൃതജ്ഞതയും പ്രകാശിപ്പിച്ചു. കനക ജൂബിലി സമാപനം 2004 ഫെബ്രുവരി മാസത്തിൽ വിവിധ പരിപാടികളോട് കൂടി നടത്തുന്നതാണ്.

## ഏകദിന എക്യുമെനിക്കൽ സമ്മേളനം

**ജബൽപ്പൂർ:-** ജബൽപ്പൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ എം.ജി.ഒ.സി.എസ്.എം. ന്റെ നേതൃത്വത്തിൽ ജബൽപൂരിലുള്ള കാത്തലിക്, മാർത്തോമ്മാ, സിഎൻ.ഐ., മെതഡിസ്റ്റ് മുതലായ പതിനഞ്ചോളം പള്ളികളിലെ ആൺകുട്ടികളും പെൺകുട്ടികളും അടങ്ങിയ യൂത്ത് മെമ്പേഴ്സിനെ ഏകോപിപ്പിച്ചു കൊണ്ട് ഒരു ഏകദിന സമ്മേളനം 20-8-2003 ബുധനാഴ്ച ജബൽപ്പൂർ പള്ളി അങ്കണത്തിൽ കൂടുകയുണ്ടായി. വികാരി ഫാ. ഏബ്രഹാം പി. ജോർജ്ജിന്റെ (പാറമ്പുഴ) അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് ലേണാർഡ് തീയോളജിക്കൽ കോളജ് പ്രൊഫസർ ഫാ. ഡബ്ലിയു. ജെ. വൽസൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹ. 8:32) എന്നതായിരുന്നു വിഷയം, ഫാ. തോമസ് വർഗീസ്, ഫാ. തോമസ് എന്നിവർ ക്ലാസുകൾ എടുത്തു. ക്വിസ്, ഗെയിംസ് എന്നിവ സമ്മേളനത്തെ മോടിപിടിപ്പിച്ചു. വിവിധ മത്സരങ്ങളിൽ പങ്കെടുത്തവർക്കു സമ്മാനങ്ങൾ നൽകി (ട്രഷറാർ) അനീഷ് വറുഗീസ് സ്വാഗതവും സെക്രട്ടറി ആശിഷ് വറുഗീസ് കൃതജ്ഞതയും പറഞ്ഞു.



മലങ്കരസഭ വാർത്തകൾ

## ക്രൈസ്തവ സ്നേഹത്തിന് എം.ജി. ഒ.സി.എസ്.എം. മാതൃക - പ. കാതോലിക്കാ ബാവാ

കഴിഞ്ഞ നാലുവർഷം കൊണ്ട് നാല്പത്തിരണ്ട് ലക്ഷം രൂപാ സമൂഹത്തിലെ അശരണർക്കും ആലംബഹീനർക്കും എത്തിച്ചു കൊടുക്കുവാൻ കഴിഞ്ഞ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം, അരുമനാഥനായ ക്രിസ്തു ദേവന്റെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വെളിച്ചം യോഗ്യമായ രീതിയിൽ സമൂഹത്തിലെത്തിക്കുകയാണ് ചെയ്തിരിക്കുന്നത്. ക്ലേശകരമായ മാനുഷിക ജീവിതത്തിലെ മരീചികയാണിവയെന്നും പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു. പരിശുദ്ധ കാതോലിക്കാ ബാവയുടെ മെത്രാഭിഷേക കനക ജൂബിലിയുടെ ഭാഗമായി വിദ്യാർത്ഥി പ്രസ്ഥാനം മാർ തെയോഫിലോസ് വിദ്യാഭ്യാസ സഹായ നിധിയിൽ നിന്നും തൊണ്ണൂറ് പേർക്കായി നൽകുന്ന നാലു ലക്ഷം രൂപയുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു പരിശുദ്ധ ബാവ.

പ്രസ്ഥാനം പ്രസിഡന്റ് ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തിരുവനന്തപുരം സെൻട്രൽ ജയിലിലെ നൂറ് അന്തേവാസികളുടെ കുടുംബങ്ങൾക്കുള്ള ഓണ സമ്മാന പദ്ധതി കോട്ടയം മുൻസിപ്പൽ വൈസ് ചെയർ പേഴ്സൺ മറിയാമ്മ വറുഗീസ് ഉദ്ഘാടനം ചെയ്തു. കേരള കൗൺസിൽ ഓഫ് ചർച്ചസ് സെക്രട്ടറി ഫാ. ഡോ. ഏ. ടി. ഏബ്രഹാം, വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ഡോ. എം. സി. ചെറിയാൻ, ഫാ. ഫിലൻ പി. മാത്യു, പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ എന്നിവർ ആശംസകളർപ്പിച്ചു.

## ദിവ്യബോധനം വാർത്തകൾ

ദിവ്യബോധനം പുതിയ ബാച്ചിന്റെ ഒന്നാം വിഷയത്തിന്റെ റിസൾട്ട് പ്രഖ്യാപിച്ചു. ഏലിയാമ്മ മത്തായി (കവിയൂർ), സാറാമ്മ ജോൺ (ബാംഗ്ലൂർ), എന്നിവർ P.O.C.E. ഒന്നും രണ്ടും റാങ്കുകൾ കരസ്ഥമാക്കി. കെ. കെ. ജോൺ (പടമുകൾ), ഷീബാ ജോസഫ് (കൂട്ടംപേരൂർ) എന്നിവർക്കാണ് D.O.C.E. റാങ്കുകൾ. സെമിനാറുകൾ ബാംഗ്ലൂർ, മുംബൈ, കൊച്ചി, കോട്ടയം, നിരണം, ചെങ്ങന്നൂർ, തുമ്പമൺ, കൊല്ലം, മാവേലിക്കര, തിരുവനന്തപുരം എന്നിവടങ്ങളിൽ ഭംഗിയായി നടത്തപ്പെട്ടു. ഓണവാരാഘോഷത്തിന്റെ ഭാഗമായി കൊച്ചി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് ദിവ്യബോധന ഏകദിന സംഗമം നടത്തി. അഭി. സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ, റവ. ഫാ. ജേക്കബ് മാത്യു, പ്രൊഫ. വർഗ്ഗീസ് മാത്യു, ശ്രീ. കെ. സാംകുട്ടി എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

## ഓർത്തഡോക്സ് സെമിനാരി പ്രവേശനം

**കോട്ടയം:** ഓർത്തഡോക്സ് വൈദിക സെമിനാരി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ബിരുദധാരികൾക്ക് മുൻഗണന. അപേക്ഷാ ഫോമിനും പ്രോസ്പെക്ടസിനും പ്രിൻസിപ്പാൾ ഓർത്തഡോക്സ് സെമിനാരി, കോട്ടയം-1, എന്ന വിലാസത്തിൽ അപേക്ഷിക്കണം.

അപേക്ഷാ ഫോം വില - 100 രൂപ. പോസ്റ്റിൽ ലഭിക്കുവാൻ 125 രൂപ. പൂരിപ്പിച്ച അപേക്ഷകൾ ഒക്ടോബർ 31-ന് മുമ്പായി സെമിനാരി ഓഫിസിൽ ലഭിക്കണം.

## ബെസ്അവ്യൂസൊ

കൊച്ചി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ അരിപ്പാലം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയോടനുബന്ധിച്ച് നടത്തുന്ന സമാധാന ഭവനത്തിൽ അന്തേവാസികളെ പ്രവേശിപ്പിച്ചു തുടങ്ങി. ഗ്രാമ ഭംഗിയിൽ മുങ്ങി നിൽക്കുന്ന അന്തരീക്ഷം പ്രാർത്ഥിപ്പാനും ധ്യാനിക്കുന്നതിനും ഒരു ദേവാലയം. വിശ്രമ ജീവിതം ആഗ്രഹിക്കുന്നവർക്ക് ഒത്തിണങ്ങിയ അന്തരീക്ഷം.

കൂടുതൽ വിവരത്തിന് മാനേജരുമായി ബന്ധപ്പെടുക Ph: 0480-2864686, Mob:-9847461061

## വാർഷിക സമ്മേളനം

മർത്തമറിയം സമാജത്തിന്റെ ഇടുക്കി ഭദ്രാസന വാർഷികം അയ്യപ്പൻ കോവിൽ സെ. മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി. 350 പ്രതിനിധികളും 10 വൈദീകരും സന്നിഹിതരായിരുന്നു. റവ. ഡീക്കൻ സിബി വറുഗീസ് ക്ലാസ്സെടുത്തു. അഖില മലങ്കര മത്സര പരീക്ഷയിൽ ഇടുക്കി ഭദ്രാസനത്തിൽ 101 അംഗങ്ങൽ പങ്കെടുത്തു. 100% വിജയം വഹിച്ചു.

കൈപ്പറ്റി

## ഒരു നൂറ്റാണ്ടു പിന്നിട്ട സഭാ തർക്കം നീതിക്കുവേണ്ടിയുള്ള നീണ്ട നിയമയുദ്ധം

1889 ലെ റോയൽ കോടതി വിധി മുതൽ 2003 ലെ സുപ്രീം കോടതി വിധി വരെയുള്ള സഭാകേസുകളുടെ ചരിത്രവും പ്രാധാന്യവും ലളിതമായി പ്രതിപാദിക്കുന്ന ഗ്രന്ഥം. അഭിഭാഷകരായ സജി കൊടുവത്ത്, പി.സി. മാത്യു പുലിക്കോട്ടിൽ എന്നിവർ രചിച്ച ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയിരിക്കുന്നത് സഭാ വർക്കിംഗ് കമ്മറ്റി മെമ്പർ കൂടിയായ റിട്ട. ഹൈക്കോടതി ജഡ്ജി കെ. ജോൺ മാത്യുവാണ്. കെ. വി. മാമ്മൻ (കോട്ടയ്ക്കൽ പബ്ലിഷേഴ്സ്) പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകത്തിനു 100 രൂപയാണു വില.

19-ാം പേജിൽ നിന്നു തുടർച്ച..

അസംബന്ധങ്ങളാണ്. ഒരു ഗ്രാമത്തിലും അപരിചിതനായ ഒരാൾക്ക് കടന്നു ചെല്ലുവാനോ, കൂട്ടായ സ്നാനത്തിനോ സാധ്യമല്ല.

*മിഷൻ പ്രവർത്തനങ്ങളോട് ഗവ. ഭാഗത്തു നിന്നുള്ള സമീപനം?*

ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉദ്യോഗസ്ഥരുടെയും വിവിധ രാഷ്ട്രീയക്കാരുടെയും ഭാഗത്തു നിന്നും പ്രോത്സാഹനമാണ് ലഭിക്കുന്നത്. മധ്യപ്രദേശ് മുഖ്യമന്ത്രി ശ്രീ. ദിഗ്‌വിജയ് സിംഗ് വില്ലേജ് ഡവലപ്പ്മെന്റിൽ താത്പര്യമുള്ള വ്യക്തിയാണ്. നമ്മുടെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നല്ല പ്രോത്സാഹനം നൽകുന്നു. ചത്തീസ്ഘട്ട് മുഖ്യമന്ത്രി ശ്രീ. അജിത്‌യോഗി പല പ്രാവശ്യം നമ്മുടെ പ്രവർത്തനങ്ങൾ അവിടെയും വ്യാപിപ്പിക്കുവാൻ ക്ഷണിച്ചിട്ടുണ്ട്. അദ്ദേഹവും നമ്മുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കിയ വ്യക്തിയാണ്.

*ഇടവകയോട് അനുബന്ധിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണ ചുമതല ഭദ്രാസനം തന്നെ നേരിട്ട് നിർവ്വഹിക്കുന്നതിൽ എതിർപ്പുകൾ നേരിടുന്നുണ്ടോ?*

ഇടവകകളോടു ചേർന്ന് സ്ക്കൂളുകളും മറ്റും ആരംഭിക്കുന്നത് ഭദ്രാസന നേതൃത്വത്തിലാണ്. അതിന്റെ നടത്തിപ്പും ഭദ്രാസനം തന്നെ നിർവ്വഹിക്കുന്നു. ഇടവകയ്ക്കു പ്രത്യക്ഷത്തിൽ സ്ക്കൂളുകളുടെമേൽ അധികാരങ്ങളൊന്നുമില്ല. സ്ക്കൂളുകളിൽ നിന്നും ലഭിക്കുന്ന വരുമാനം പുതിയ സ്ക്കൂളുകൾ സ്ഥാപിക്കുന്നതിനു ഉപയോഗിക്കുന്നു.

❖


**13-ാം ചരമവാർഷികം**
**(8-10-2003)**



**റവ. ഫാ. എൻ. ജെ. ശാമുവേൽ**
**ഈട്ടിമുട്ടിൽ, വകയാർ, കോന്നി**

*"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരീയാചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം"*

*Inserted by:-* സന്തപ്ത കുടുംബാംഗങ്ങൾ




പാവന സ്മരണയ്ക്ക്



**വട്ടക്കുന്നേൽ കുടുംബയോഗം**


# അഭയ നികേതൻ



## ഗ്രാമീണ മിഷൻ നൂതന ആശയം

കൽക്കത്താ ഭദ്രാസനാധിപൻ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമനസ്സിന്റെ ചിരകാലാഭിലാഷങ്ങളിൽ ഒന്നത്രെ അഭയ നികേതൻ. ഗ്രാമീണ ജനതയുടെ ഉദ്ധാരണത്തിൽ കൂടെ മാത്രമെ ഇൻഡ്യയെ പുരോഗതിയുടെ പാതയിൽ എത്തിക്കാൻ കഴിയൂ എന്ന തത്വത്തിൽ നിന്നു തിരുമേനി രൂപകല്പന ചെയ്തതത്രെ ഈ മിഷൻ കേന്ദ്രം. പ്രധാന നിരത്തിൽ നിന്നും ഗ്രാമങ്ങളിൽ എത്തിച്ചേരുവാനുള്ള മാർഗ്ഗം ഇന്നും കാൽനടയും, കാളവണ്ടിയും തന്നെ.

## നിങ്ങൾക്കും സഹായിക്കാം

* ഒരു പ്രവർത്തകന്റെ പ്രതിമാസ ചിലവ് 3750 * ഒരു ബാലവാടിയുടെ ചിലവ് 5200 * ഹോസ്പിറ്റലിന്റെ പ്രതിമാസ ചിലവ് 8500 നൽകി. മാത്രമല്ല ഗ്രാമീണ മിഷൻ പ്രവർത്തനങ്ങളിൽ അൽപ്പമായും അനൽപ്പമായും സാമ്പത്തീക കൈത്താങ്ങൽ നൽകി.

## പ്രധാന പ്രവർത്തനങ്ങൾ

### 1. ബോധവത്ക്കരണ ക്ലാസ്സുകൾ



ആരോഗ്യ പരിപാലനം, സാമ്പത്തിക ഭദ്രത, വിദ്യാഭ്യാസം, ശുചിത്വം മനുഷ്യാവകാശം ഇവയ്ക്കുള്ള പ്രത്യേക പഠന വേദികൾ ഒരുക്കുന്നു. സ്വയം തൊഴിൽ പദ്ധതികൾ, സമ്പാദ്യ പദ്ധതികൾ ഇവയ്ക്ക് തുടക്കം കുറിക്കുവാനും സാധിച്ചു.

### 2. ബാലവാടി / അംഗൻവാടി



നിരക്ഷരരായ ആദിവാസി കുഞ്ഞുങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുകയത്രേ ലക്ഷ്യം. 95 ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നു. 16 വയസ്സുവരെ ഉള്ളവർ ബാലവാടിയിൽ പഠിച്ചു വരുന്നു. കൂടുതൽ ബാലവാടികൾ ഇനിയും തുറക്കേണ്ടിയിരിക്കുന്നു. തത്പരരായ വിശ്വാസികളുടെ കൈത്താങ്ങലുകൾ ആവശ്യമാണ്.

### 3. ഹിന്ദി മീഡിയം സ്ക്കൂൾ



8-ാം സ്റ്റാൻഡേർഡ് വരെയുള്ള ഈ സ്ക്കൂളിന് തനതായ സ്ഥലവും കെട്ടിടവും ഉണ്ടാവണം. സാമ്പത്തിക പ്രതിബദ്ധത വിലങ്ങുതടിയായി നിൽക്കുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

### 4. ജനകീയ പങ്കാളിത്ത പ്രവർത്തനങ്ങൾ

ഗ്രാമീണരുടെ സഹകരണത്തിൽ റോഡുകൾ, കലിങ്കുകൾ, കക്കൂസുകൾ നിർമ്മിക്കുക, കിണറുകളും, വീടും പരിസരങ്ങളും വൃത്തിയാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.



### 5. ആശുപത്രി



85 കി. മീ. ചുറ്റളവിൽ ഉള്ളവർക്ക് 1991 മുതൽ ആതുര സേവനം എത്തിക്കുവാൻ സാധിച്ചു വരുന്നു.

ഗ്രീമീണരുടെ ഏക ആശാകേന്ദ്രമാണ് ഇത്. ആതുര ചികിത്സാ സംവിദാനം കുറെക്കൂടി ജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ ഒരു മൊബൈൽ യൂണിറ്റും ഹോസ്പിറ്റലും പ്രവർത്തിക്കുന്നു.


### 6. പോഷക ആഹാര വിതരണം



അമ്മമാർക്കും അഞ്ച് വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്കും ഗർഭിണികളായ സ്ത്രീകൾക്കും പ്രത്യേകം ഊന്നൽ കൊടുത്ത് വിറ്റാമിൻ ഗുളികകളും ഇൻജക്ഷനും പോഷക ആഹാരങ്ങളും നൽകിവരുന്നു. അഭയ നികേതൻ പ്രവർത്തകർ എല്ലാ ആഴ്ചയും ഗ്രാമങ്ങൾ തോറും സന്ദർശിച്ച് ദാരിദ്ര്യത്തിൽ കഴിയുന്നവരെ കണ്ടു പിടിച്ച് അവർക്ക് പ്രത്യേകം സഹായങ്ങൾ ചെയ്യുന്നു.

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2003-05
THE MALANKARA SABHA, CATHOLICATE OFFICE, KOTTAYAM-686 038

# 80 th Birthday Wishes to H. G. Dr. Stephanos Mar Theodosius, Metropolitan of Kolkatha Diocese






M. G. M. Higher Secondary School, Bhopal

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT GRAPHICS & CO. MALLAPPALLY 0473-682260, 784163 FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-